# ഡാക്ടൎക്കു കിട്ടിയ മിച്ചം

സി. വി. രാമൻപിള്ള.

Digitized By Kerala Sahitya Akademi

# ഡാക്ടർക്കു കിട്ടിയ മിച്ചം

(ഒരു പ്രഹസനം)

ഗ്രന്ഥകർത്താ

സി. വി. രാമൻപിള്ള ബി. എ.

പ്രസാധകൻ

കെ. ആർ. ജി. മേനോൻ.

ബി. വി. ബുക്ക് ഡിപ്പോ ആൻറ് പ്രിൻറിങ്ങ് വർക്ക്സ്,

തിരുവനന്തപുരം.

(പകർപ്പവകാശം)

1129] [വില ...

പ്രസാധകൻറെ മുദ്രയില്ലാത്ത പ്രതികൾ വ്യാജമായിരിക്കും.

സാഹിത്യ അക്കാദമി

Digitized By Kerala Sahitya Akademi

*(Copy-right with the Publisher)*

PRINTED AT
THE B. V. PRINTING WORKS, TRIVANDRUM.
1954.

Digitized By Kerala Sahitya Akademi

# പാത്രവിവരം

ഗോപാലൻനായർ—ഒരു വക്കീൽ പ്രമാണി.

പ്രഭാകരൻനായർ—ഗോപാലൻനായരുടെ മകൻ.

ഡാക്ടർ കണ്ടുക്കുറുപ്പ്
ശ്രീകണ്ഠൻ } പ്രഭാകരൻനായരുടെ സ്നേഹിതന്മാർ.
ശങ്കരൻകുട്ടി

കേശവൻതമ്പി—ഒരു ഗൃഹസ്ഥൻ.

രാമശ്ശാർ—കേശവൻതമ്പിയുടെ ഭൃത്യൻ

അംബികക്കുട്ടി
അമ്മിണിക്കുട്ടി } കേശവൻതമ്പിയുടെ പുത്രിമാർ

ഒരു പണ്ടാരം.

Digitized By Kerala Sahitya Akademi

# ഡാക്ടർക്കു കിട്ടിയ മിച്ചം

## രംഗം ൧

**കേശവൻതമ്പിയുടെ ഭവനത്തിലെ സൽക്കാരമുറി.**

(ഡാക്ടർ കണ്ടക്കുറുപ്പു പ്രവേശിക്കുന്നു)

കണ്ടു:— പ്രണയം ചുമക്കുന്നവർക്കു് "സ്വൈര്യസ്ഥിതികരായതെ" എന്നാണു് അവസ്ഥ. ആഹാ! (ഒരു കസേരയിൽ ഇരുന്നു് കൈലേസാൽ വീശിക്കൊണ്ടു്) നമ്മുടെ സമഗ്രപ്രൌഢയുടെ ഭവനം. വല്ലീവലയിതമായ ചന്ദ്രകാന്തതളിമം പോലെ ശീതളമായി തോന്നുന്നു. അഭിലാഷത്തെ ബന്ധനത്തിലാക്കി, അതിവന്റെ ഹൃദയബന്ധത്തെ ഭേദിക്കുന്നു. എന്തു ചെയ്യാം? ഇവിടത്തെ ദക്ഷപ്പെരുമാൾ ജാമാതാവായി ആഗ്രഹിക്കുന്നതു് ഏതു ചക്രവർത്തിയേയോ ദിക്പാലശ്രേഷ്ഠനേയോ? (ചുററിനോക്കീട്ടു്) സവ്വ്യാപി രാമസ്സാരെപ്പോലും പുറത്തു കാണുന്നില്ല. കാളേജില്ലാത്ത ദിവസമാണെങ്കിലും അമ്മിണിക്കുട്ടിയും എങ്ങു് അബ്ധിക്കപ്പുറത്തോ അസ്തമിച്ചിരിക്കുന്നു. തക്കം അത്യനുകൂലം. എന്റെ പിതൃപരമ്പരകളെ! നിങ്ങൾക്കു സ്വർഗ്ഗം വേണമെങ്കിൽ

---

* തിരുവനന്തപുരത്തു് ഒരു വിദ്യാർത്ഥിസംഘത്തിന്റെ വാർഷിക സമ്മേളനത്തിൽ അഭിനയിക്കുവാൻ എഴുതിയതു്.

Digitized By Kerala Sahitya Akademi

എന്റെ ശ്രമത്തെ വിജയത്തിൽ കലാശിപ്പിക്കിൻ. അച്ഛനങ്ങത്തെ ദുശ്ശാഠ്യത്തെ ചികിത്സിക്കാൻ പുറപ്പെടുന്ന ഈ വൈദ്യന്റെ ചിന്താമണിപ്രയോഗം ചിന്താനുസാരം ഫലിക്കട്ടെ. തമ്പി അദ്ദേഹത്തിന്റെ ഗൃഹനിയമം മറ്റെങ്ങും കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ഒരു അനർത്ഥനിരർത്ഥസ്മൃതി! മൂത്ത മകളായ ശകുന്തള ഗൃഹം ഭരിപ്പാനും ദുഷ്ഷന്താഗമനംവരെയ്ക്കു് കന്യാവൽക്കലം ധരിപ്പാനും വിധിച്ചു. രണ്ടാം മകൾക്കൊരു കാമുകനുണ്ടായപ്പോൾ, അച്ഛന്മാർ തമ്മിൽ യമരാവണ കലഹം ആരംഭിച്ചു. കന്യകാകാംക്ഷിയായ വെണ്ണത്താൻ പ്രഭാകരദേവൻ സപത്‌മാഗ്നിയിൽ ദഹ്യമാനനും ആകുന്നു. കാര്യങ്ങളെല്ലാം ഏവംവിധം "വിവശായെ" എന്നു തിരിഞ്ഞപ്പോൾ, "ഹതാശയൻ നമ്പർ ൧" എന്നു കുറിക്കപ്പെട്ടതു് ഇക്കണ്ട കുണ്ഠപ്രഭൃതരേ വ—അവനോ! കൃതാർത്ഥനാവാനുള്ള സിദ്ധാർത്ഥനല്ലേ? ഇതാ കണ്ടില്ലേ! (അണിയറയിലോട്ടു നോക്കീട്ടു ഗാനം) "മത്സ്യം വലയിലണയുംപോലെ—വഹ്നിയിൽ പാററകൾ വീഴുമ്പോലെ" ഈ വാനരനെ നരനാക്കാനുള്ള വാനോരമ്മ അരുണോദയത്തിലെ പ്രഥമ കിരണത്തിന്റെ പ്രശാന്തഭാസ്സോടെ ക്ഷണം വിനാ പ്രവേശിക്കുന്നു. ഹേ! അന്തർവാസിയായ ഹൃദയകപേ! നീ ചലിച്ചുകൊള്ളുക—അല്ലയോ, ഭഗവൽപ്രതിമാംഗമായുള്ള മുഖമേ! ഭവാൻ നിസ്സംഗന്റെ അശ്മത്വം അവലംബിച്ചു് സംഭാഷണത്തിനു കിട്ടുന്ന അവസരത്തെ ദീർഘിപ്പിക്കുക—

(അംബികക്കുട്ടി പ്രവേശിക്കുന്നു.)

അംബി:—നട്ടുച്ചക്കു്, എന്തു യാത്രയാണിതു്? വല്ല നേർച്ചയുമാണോ? നല്ല ചന്ദ്രിക കണ്ടു് സവാരിക്കിറങ്ങി,

Digitized By Kerala Sahitya Akademi

കണ്ടു:—ഞങ്ങൾ വ്യാപാരത്താൽ കാലവൈരികളല്ലേ? വെള്ളിമലയൻ ആയിട്ടില്ലെങ്കിലും "വെള്ളം ജടാന്തേ ബിഭ്രാണ"ൻ എന്നു് അഹങ്കരിക്കാവുന്നവനു് സൂര്യ്യ മദ്ധ്യാഹ്നങ്ങൾ നാണ്യെസ്സ്ററല്ലേ?*

അംബി:—അച്ഛൻ മുകളിൽ ഉറക്കമാണു്—

കണ്ടു:—അച്ഛനോ? അതാരാണു്? ഏററവും പ്രിയപ്പെട്ട ഒരു സ്നേഹിതൻെറ ആവശ്യമത്ത മാത്രം ഞാനിപ്പോൾ അറിയുന്നു.

അംബി:—സ്നേഹിതചക്രം "അഹമേവ" എന്ന പരിധിയിൽ അടങ്ങിയതല്ലേ?

കണ്ടു:—ഛെയ്. സ്വാത്മമാത്രന്മാർ എന്ന പരാക്രമശാലികൾ ഇല്ലെങ്കിൽ ലോകമെങ്ങു്, സ്നേഹവൈരബന്ധങ്ങൾ എവിടെ? വരികവരിക. മന്മാത്രകമല്ലേ അവസ്ഥകൾ? അടുത്തുവരിക. ഒരു ബ്രഹ്മാണ്ഡരഹസ്യം പറഞ്ഞിട്ടു് ഗതവാനാകട്ടെ.

അംബി:—വേണ്ടാ വേണ്ടാ. അകലെ നിന്നു് സംസാരിച്ചാൽ മതി. അവിടുത്തെ നിഘണ്ഡുവിൽ "സ്വകാര്യ്യം" എന്നതു "പരപരിഹാസം" ആണു്.

കണ്ടു:—ഗൃഹജെയിലിൽ ബന്ധിക്കപ്പെടുന്ന തലകളിലെ വിശാലഗ്രഹങ്ങളെ അടുക്കളച്ചൂടു് ആവിയാക്കിക്കളയും. ഞാൻ കൊണ്ടുവന്നിട്ടുള്ളതു് കഴുത്തുപോകുന്ന ഒരു സാമ്രാജ്യരഹസ്യമാണു്. ആരു കണ്ണങ്ങൾ പൂകേണ്ടാ എന്നു ചിന്തിച്ചു് അടുത്തുവരാൻ യാചിച്ചതാണു്.

അംബി:—അമ്മിണിക്കുട്ടിയെ ഇങ്ങോട്ടയക്കാം. ഇവിടുത്തെ ആഖ്യായികത്തരികൾ അവൾക്കു രുചിക്കും.

---

*ഇല്ലാത്തവയല്ലേ?

Digitized By Kerala Sahitya Akademi

കണ്ടു:—എന്റെ ഗൃഹരാജ്ഞീ! ആ അപകടക്കക്ഷിയെ അയക്കയേക്കാം, ഒരു ഡണ്ഡോറാക്കാറനെ വരുത്തൂ.

അംബി:—എന്നാൽ രാമശ്ശാരെക്കൂടി വിളിച്ചേക്കാം.

കണ്ടു:—എന്നേ! രസഹന്ത്രിണീ! തിന്ത്രിണീ!

അംബി:—പട്ടരപ്പരുകരം തരേണ്ട. അത്രനിർബന്ധമാണെങ്കിൽ കൊണ്ടുവന്നിട്ടുള്ള അപകടക്കഥ ചുരുക്കത്തിൽ പറഞ്ഞുതീർത്തിട്ടു പിരിയുക.

കണ്ടു:—അങ്ങനെ കൊടിതാഴ്ത്തു. പരദോഷഗ്രഹണകാര്യത്തിലുള്ള സ്ത്രീകളുടെ മൂഷികത്വം ഒരു വിശ്വവിശ്രുതപരമാത്ഥം (അംബികക്കുട്ടി പരിഭവിച്ചു പോകാൻ തുടങ്ങുന്നു) കൊടി താഴ്ത്തുകയല്ല. തോററമ്പിമണ്ടുകയും ആയോ? ഡാക്ടർ വിദുരരുടെ വാക്യാവലി വിധിച്ചിട്ടില്ലാത്ത ഒരു ഭീരുത്വമാണതു്. പിന്നെ! ഒരു പ്രഭുവിന്റെ രണ്ടുമക്കളും സന്ന്യസിക്കണോ?

അംബി:—(തിരിഞ്ഞുനിന്നു്) സ്ഥിതികരം അറിഞ്ഞുകൊണ്ടു്, എന്തു ചോദ്യമാണിതു്? അച്ഛൻ സിദ്ധാന്തി എങ്കിലും ശുദ്ധമനസ്കൻ! ഇവിടുന്നു് ആലോചിക്കുന്ന കൃത്രിമപ്രയോഗം ഞാൻ അനുവദിച്ചു എന്നു വന്നുകൂടാ. ആ പരികച്ചുളിപ്പു തന്നെ ഞാൻ കണ്ടുപിടിച്ചതു് ശരിയെന്നു സമ്മതിക്കുന്നു.

കണ്ടു:—അങ്ങനെ ഗ്രഹിക്കു നമ്മുടെ മുഖഗ്രന്ഥത്തെ. ഇനി മറവും മറിവുംവേണ്ടാ. കേൾക്കു പരമാത്ഥം. നമ്മുടെ വൃത്തമേശക്കളെരിയിലെ കുറപ്പശ്ശന്മാർ പന്ത്രണ്ടും ഗ്രദ്ധസമിതികൂടി, എന്തോ പണിയാൻ യജ്ഞസൂത്രം ബന്ധിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

അംബി:—എന്നാൽ ഹോത്രി പ്രധാനൻ അവിടുന്നു തന്നല്ലൊ. ആൎത്തർ*വേഷം അണിഞ്ഞു് ആട്ടത്തെ അസഹ്യപ്പെടുത്തരുതു്. തൽക്കാലത്തെ വ്യവസായത്തിനു പ്രയോഗിക്കുന്ന ഒരു കാവ്യത്തിന്റെ ആൎത്തർ + ആയി വന്നിരിക്കുകയാണെങ്കിൽ എല്ലാം കേട്ടു ഞാൻ രസിച്ചു—

കുണ്ടു:—നല്ലൊരു കൂടിയാട്ടം ഉണ്ടാകാൻ പോകുന്നു. കഥ കൊണ്ടുപിടിക്കും—(രാമസ്സാർ പ്രവേശിക്കുന്നു)

രാമ:—അയ്യോ കഥ എന്തൊന്നാ ഏമാനേ? കണ്ണു കൊതിക്കുന്നു നല്ല രാമനാട്ടമൊന്നു കാണാൻ. നിങ്ങൾ സന്ധ്യയ്ക്കുറങ്ങുന്ന നാടകക്കക്ഷ്യക്കാരുതലയെടുത്തപ്പോൾ, ആട്ടക്കാരു് പെട്ടിവച്ചുപോയി.

കുണ്ടു:—എന്റെ മൂസ്സേ! ഇങ്ങനെ ഞങ്ങളെ പഴിക്കരുതേ. പൊടിപൂരമായി ഒരു സുന്ദരീസ്വയംവരത്തിനു് ഏൎപ്പാടു ചെയ്യുന്നു. തനിക്കു ഘടോൽക്കചവേഷം—

രാമ:—(രണ്ടുപേരേയും നോക്കീട്ടു്) ആങ്ഹാ! ഈ സ്വയമ്മരക്കളി അങ്ങത്തെക്കൊണ്ടു തുമിപ്പിക്കുമേ—

അംബി:—വേണ്ടാസനം പറയാണ്ടവിടേന്നു് പോകു.

രാമ:—കണ്ടോ ഏമാനേ, എടുത്തുവളത്തി എല്ലൊടിഞ്ഞവരെ പൂയിക്കണമാതിരി. ഈ മട്ടറിഞ്ഞുതന്നെ വിട്ടോടെ കിടക്കട്ടെ എന്നു വലിയങ്ങുന്നു പിടിക്കിണതു്. എവൻറടുത്തു ഇത്രയ്ക്കായാൽ ഭേഴം ശിന്ത്യമല്ല്യേ?

കുണ്ടു:—എടോ ആ അപ്രമേയമായ ചിന്ത്യത്തിനെത്തന്നെയാണു് സരസലോകം സായൂജ്യമെന്നു് സങ്കല്പിക്കുന്നതു്.

---

* ഇംഗ്ലണ്ടിലെ ഇതിഹാസപ്രകാരം 12 യുദ്ധവീരന്മാർ അടങ്ങിയ ഒരു സമിതിയുടെ നായകനായിരുന്ന ഒരു രാജാവു്.
\+ കൎത്താവു്.

രാമ:—അതൊക്കെ എന്തോ? നിങ്ങളുടെ ഈ സ്വം ഗാരിപ്പും മററും ഛേ! ഛേ! കൊള്ളുന്ന വഴികളല്ല.

കണ്ടു:—(സ്വഗതം) റിമാർക്കു് കുറിക്കുകൊണ്ടതു്.

രാമ:—ഒളിച്ചു പ്രൊവാണ്ടു് ഈ നട്ടരി ഉച്ചയ്ക്കു് ഇവിടെ ആക്കേണ്ടു പിടിച്ചിട്ടു് വന്നൂന്നു പറയണം.

(കണ്ടു—ആത്മഗതം)ഈ പിശാചിന്റെ കണ്ണിൽ മണ്ണിട്ടില്ലെങ്കിൽ എല്ലാം അപകടത്തിലാകും—(പ്രകാശം) എടോ ദാഹിച്ചു ഛേഹി വരണ്ടു് ഇങ്ങുകേറി. ഒരു തണ്ണീർ പന്തലിന്റെ രക്ഷ ഇവിടെ കിട്ടുല്ലേ? എന്റെ രാമസ്വാമി ത്രേയിലയോ സംഭാരമോ മൂന്നാംപക്ഷം പച്ചവെള്ളമോ പ്രോക്ഷിച്ചു് ഇവന്റെ ഉള്ളം തണുപ്പിക്കൂ.

രാമ:—(അംബികക്കുട്ടിയെ നോക്കി) കുഞ്ഞേ! ഓടിപ്പോയി ആ വലിയ വെള്ളികിണ്ണത്തിലു്—

കണ്ടു:—ഭാഗ്യം! ഈ ഗജഗാമിനികൾ തിരുവാതിര തുള്ളി സാരിയെടുത്തു വരുമ്പോഴേയ്ക്കു്, ഇവന്റെ സ്വഗ്ഗാരോഹണം കഴിയും. താൻ വലലസ്വാമു് തന്റെ പേരുകാരന്റെ അമ്പുപോലെ അങ്ങോട്ടു് പറന്നു്, തൊടിക്കിടയിൽ വല്ലതും കൊണ്ടുവരൂ (രാമസ്വാമിയെ അകത്തോട്ട് തള്ളിവിടുന്നു)

രാമ:—(പോകുന്നതിനിടയിൽ തിരിഞ്ഞു്) അമ്മയതേ, മനസ്സിലായി സ്വസ്രാം. കാവലിനു വേറെ പുള്ളിയുമുണ്ടെന്റെ പൊന്നുകൊടിക്കിടാങ്ങളെ—(പോകുന്നു)

കണ്ടു:—ഈ വികൃതിയിപ്പോൾ അമ്മിണിക്കുട്ടിയെ ഇങ്ങോട്ടയയ്ക്കും. ആ ചലപലാദിക്കഷായക്കാരി എത്തുമുമ്പു് കാര്യം നിർവഹിച്ചു നിഗ്ഗമിച്ചോട്ടെ. ഇവിടെ ചില

Digitized By Kerala Sahitya Akademi

വിശേഷരംഗങ്ങൾ ഉണ്ടാകാൻ പോകുന്നു. അവയെല്ലാം മംഗലപര്യവസായികൾ ആകുന്നതിനു്—

അംബിക:— അച്ഛൻ അറിയാണ്ടുള്ള ഏർപ്പാടിൽ ഞാനില്ല.

കുണ്ടു:—സൊ സൊ* ഭദ്രേ! ഭവതിടെ ഇഷ്ടംവൽ ഭവനിത്യ സന്യാസിയായ നമുക്കെന്തുനഷ്ടം? എങ്കിലും ഭരതവാക്യംപോലെ, ഇതിരിക്കട്ടെ (ചേപ്പിൽനിന്നു് ഒരു കടലാസ്സെടുത്തു കൊടുത്തിട്ടു്) ഇതാ ഈ നോട്ടിൽ പ്രോഗ്രാം എല്ലാം ചാർത്തീട്ടുണ്ടു്. തൊട്ടു വാങ്ങൂ. ഹോ, ഇതു് ഇംഗ്ലണ്ടല്ലാ, സമക്ഷം പ്രഭുപുത്രിയുടേതുമാണല്ലോ? ഹേ ദിവ്യശ്രീമതി, ഈവക പുണ്യാശ്രമചര്യകൾ പമ്പാസരസ്തടം അതിക്രമിച്ചു കടന്നു് രാമ ഹരേ ഹരേ എന്നായി, നമ്മുടെ സന്താന പരമ്പരകൾ പ്രണയദശയിൽ പരസ്പരം ചെവിക്കുപിടിക്കുന്നതു നമ്മക്കുതന്നെ കാണാം. ക്ഷണം വാങ്ങൂ. അമ്മിണി ഭ്രമരിക മുരണ്ടടുക്കുന്നു. (അംബിക കടലാസു വാങ്ങുന്നു) ആ റൌക്കയ്ക്കിടയിലാക്കൂ. കണ്ടാൽ കഥ ച്ചിരട്ടപൊട്ടി ഞാനിതാ എക്സിററ്! + (ഏകാശത്തിൽ ഒരു ചുംബനം ചെയ്തുകൊണ്ടു ഓടിത്തുടങ്ങുന്നു)

അംബി:—അല്ലേ ദാഹിക്കുന്നില്ലെ?

കുണ്ടു:—(പോകുംവഴി) ഉഗ്രപർദ്ദീകമാരീ, പ്രത്യുല്ലോമീനകേതന:—

(അമ്മിണിക്കുട്ടി പ്രവേശിക്കുന്നു)

അമ്മി:—എന്തോന്നാ ജേഷ്ടത്തീ ആ കടലാസിൽ?

---

* അങ്ങനെ, അങ്ങനെ.

+ നിഷ്ക്രമിക്കുന്നു.

Digitized By Kerala Sahitya Akademi

അംബി:—(പരിഭ്രമിച്ച്) ഇതാ ഇതു്—(ആത്മഗതം) നാശമായി ഉപദേശിച്ചതുപോലെ പതുക്കാത്തതു്. (പ്രകാശം)പിന്നെ—ഇതല്ലേ മിസ്റ്റർ പ്രഭാകരൻ കട്ടീടെ ഒരു ലററർ—

അമ്മി:—എന്നാൽ ഇങ്ങോട്ടു തരൂ—

അംബി:—പ്രണയലേഖനമല്ല (അമ്മിണിക്കുട്ടി അംബികയെ തല്ലുന്നു) തല്ലേണ്ടാ. സങ്കട ഹർജിയായി എഴുതീട്ടുള്ള ഒരു രഥബന്ധമാണു്—

അമ്മി:—എന്നാലും എനിക്കു കാണാമല്ലോ—

(ജ്യേഷ്ഠത്തിയുടെ പക്കൽനിന്നും എഴുത്തുപിടിച്ചുപറിക്കാൻ ശ്രമിക്കുന്നു)

കുണ്ടു:—(അകത്തോട്ടു തലനീട്ടി വിരൽ ഞൊടിച്ചു്)ഇശ്! ഇശ്! ലഹളക്കാറത്തിനു ജീവപര്യന്തം തടവുവരെയുള്ള ശിക്ഷയുണ്ടു്—

അമ്മി:—(ചിരിച്ചു്)ഇപ്പോഴാം മനസ്സിലായി. ഏതു പ്രഭാകരൻകുട്ടീടെ, എന്തു ശ്ലോകമെന്നും, സങ്കടമെന്നും—ഞാനിതാ പോകുന്നു—നിങ്ങടെ പാർട്ടും പാട്ടും നിർബ്ബാധമായി നടക്കട്ടെ—ഞാൻ ക്രൂടീട്ടു് മിനക്കെട്ടുന്നില്ലാ— രാമശ്ശാരു് എന്നെ വൃഥാ നടത്തി. (പോകാൻ തിരിയുന്നു)

കുണ്ടു:—അയ്യോ ഡാക്ടർ മൂന്ന ബാച്ചിലരാണേ—പരിഹാസവും പാപകരവും—

അംബി:—അമ്മിണീ!

അമ്മി:—(തിരിഞ്ഞുനിന്നു്) ഹരിക്കുന്നതും ഗുണിക്കുന്നതും അപ്പുനറിയട്ടെ. അപ്പോഴാം കാട്ടിത്തരാം.

Digitized By Kerala Sahitya Akademi

കുണ്ടു:—ഓഹോ ആയിക്കൊള്ളു—വിക്രതിത്വത്തിന്റെ സങ്കലനത്താൽ ആ ചാരു കസൃതിത്വത്തിനു വ്യപകലനം ഉണ്ടാകാതിരുന്നാൽ മതി.

അമ്മി:—വികൃതിയും പ്രകൃതിയും ഞാനല്ല. അതേ നിൽക്കുന്നു. (അംബികയെ ചൂണ്ടിക്കാണിക്കുന്നു)

അംബി:—തെറി പറയാൻ മാത്രമെ നീ അഭ്യസിച്ചിട്ടുള്ളു—

അമ്മി:—(ഡാക്ടരോടു)അതു് അവിടേക്കുള്ള പ്രണയഭക്തി സംഭാവനയാണു്.—

കുണ്ടു:—(സ്വഗതം) ഇതിനു ശിക്ഷയായി ഗോഷ്ഠിപ്രദർശനം ഒന്നുകൂടി മൂപ്പിച്ചേക്കാം.

അംബി:—(ദ്വേഷ്യത്തോടെ)നിന്റെ അധികപ്രസംഗം മൂത്തുപോകുന്നു അമ്മിണീ!

അമ്മി:—(ഗാനം) പണ്ടൊരു വീട്ടിൽ രണ്ടു—പൂച്ചകളൊത്തുകൂടി—തൊണ്ടനും പാപ്പീശിയും—ചൌര്യചാതുര്യത്തോടെ; ഉണ്ടക്കൺ നാലുമങ്ങനെ പൂട്ടിപ്പാൽ നുകരുമ്പോൾ (തേയില മുതലായ സാമാനങ്ങളും കൊണ്ടു് രാമസ്സാർ പ്രവേശിക്കുന്നു--ഡാക്ടരും അമ്മിണിക്കുട്ടിയും മറഞ്ഞുകളയുന്നു)

രാമ:—പൊയ്ക്കളഞ്ഞോ, ആ വാസ്സടയൻ? കളഞ്ഞുകിടക്കുന്നോ ഇതെല്ലാം? രസാലവുംകൊണ്ടു് ഇനിയിങ്ങുവരട്ടു്—തുള്ളിപ്പച്ചവെള്ളം തൊട്ടുതെറിക്കണമെങ്കിൽ—ങ്ഹ്ഹ! കടത്തിനൊണ്ടല്ലോ—വലിയങ്ങുന്നറിയട്ടിതു്—

അംബി:—ആ ഡാക്ടർക്കു് തക്കവും തരവും ഇല്ലാത്തതിനു് ഞാനെന്തുപിഴച്ചു? കണ്ടോരുടെ തോന്ന്യാസങ്ങൾക്കു് എന്നെ കുററക്കാരി ആക്കുന്നതു് ന്യായമോ? രാമസ്സാരു് എന്തു പറഞ്ഞാലും അച്ഛൻ വിശ്വസിക്കും. പ്രിയ

Digitized By Kerala Sahitya Akademi

മകരം അമ്മിണി അപ്ഫന്റെ കോപത്തന്നിമൂർഛ ക്രട്ടാൻ ചെകിട്ടത്തുചേൻ് എല്ലായ്പ്പോഴും ഹാജരുമാണു്. എനിക്കുതന്നെ ആരും ആധാരവും ആശ്രയവുമില്ലാത്തതു്. (വ്യസനഭാവത്തിൽ നിൽക്കുന്നു--രാമശ്ശാർ സാമാനങ്ങളെല്ലാം താഴത്തുവെച്ചു് വിയോദചേഷ്ടികൾ കാട്ടുന്നു)

രാമ:—അല്ലേ, വീട്ടുകാരികൊച്ചമ്മമാർക്കു് ലോവ് ഡ്യങ്ങളും മററും വേണ്ടയോ? അല്ലാണ്ടിവിടെ ഡ്യൂന്തു ചെയ്തൂന്നോ! ശേ ശ്ശേ! അതാണ്ടെ അമ്മിണിക്കുഞ്ഞു് അകത്തുകിടന്നു ഉമഞ്ചോൽപാട്ടുപാടുന്നു. ചെന്നു ക്രടിച്ചേന്നു്—അഹഹ, കൊണ്ടുപിടിപ്പിൻ—(ഗൌരവ ഭാവത്തിൽ) ഒന്നു പറഞ്ഞേക്കാം. ആരാവട്ടെ—നമുക്കു് വിട്ടുക്രടാത്ത ചില ഇതൊക്കെയൊണ്ടു്—അതുകൊണ്ടു്, എല്ലാം രാമശ്ശാരെക്കൂടി ഇരിക്കട്ടെ—വലിയങ്ങുന്നറിയേണ്ട—വീരൻ (സാമാനങ്ങൾ എടുത്തു്) ചേട്ടത്തിയും അനിയത്തിയും ക്രടി ഇതു കടിച്ചു്, അതിന്റെടയിൽ ഒക്കെ പറഞ്ഞു ശരിപ്പെട്ടോളിൻ—അമളികൊണ്ടു് ആ കട്ടെറുമ്പത്തിയെ ഇങ്ങു പറഞ്ഞയച്ചു—വരിൻ; വരിൻ—(രണ്ടുപേരും പോകുന്നു)

(കർട്ടൻ)

---

Digitized By Kerala Sahitya Akademi

# രംഗം ൨

## കേശവൻ തമ്പിയുടെ ബംഗ്ലാവിലെ വരാന്ത

(പ്രകൃതധാരവേഷത്തിൽ പ്രഭാകരൻ രോഗകസാലയിൽ ഇരിക്കുന്നു.)

(സ്വഗതം) വെളിച്ചമാകുന്നു. ആരും തിരിച്ചറിയാറായി. എങ്കിലും, വേഷം സുമാർതന്നെ. ആ സകലകലാവല്ലഭൻ ഡാക്ടർ ചമയിച്ചതല്ലേ? തെററിക്കയില്ല—വിഷമം! തട്ടിപ്പുകാരൻെറ വേഷം ആടി ഫലിപ്പിക്കാൻ വല്ലാത്ത ഒരു ഉൾക്കരുത്തുവേണം. ഇതാ നമ്മുടെ അകം കലങ്ങുന്നു. എന്തു ചെയ്യാം? വൈദ്യന്മാരുടെ കുറിപ്പിൽ കൂട്ടാനും കുറയ്ക്കാനും രോഗികൾക്ക് അവകാശമില്ലല്ലോ—അമ്മിണിക്കുട്ടിയെ കാണുമ്പോൾ ചിരി വരില്ലേ എന്നു സംശയമുണ്ട്—അധികപ്രസംഗത്തിൻെറ അധിഷ്ഠാനഭാരതി നമ്മെ തുണയ്ക്കട്ടെ (എഴുന്നേററ് പുറകോട്ടുനോക്കി) അതാ വാതിൽ തുറന്നു ആരോ വന്നു തുടങ്ങി. അടിച്ചുവാരാനുള്ള പുറപ്പാടാണ്. ശബ്ദം മാററുന്ന ശ്രമം എല്ലാററിലും വിഷമം! ആ വിശ്വസ്റ്റേജ് മാനേജർ കുണ്ടുക്കുറുപ്പിനു ചക്കിമുതൽ ചക്രവത്തിവരെ സ്വരങ്ങളിൽ സംസാരിപ്പാൻ സാധിക്കും. ഇവനിപ്പോൾ എന്തു കാട്ടും? ഗുണഗണേശാ! (സംഭ്രമത്തോടെ കസേരയിൽ വീണ്ടും ഇരുന്ന്, തൊഴുതു്) "നമോസ്തുസൂത്രനിധയേ—വെറുതേ സൊല്ലുകാരക:—ഗുരവേ കുണ്ടുരൂപായ"—ശ്ശോ! എല്ലാം കുഴങ്ങുന്നു— ആ കുറുപ്പിൻെറ ശീതളസുശാന്തമായ മായാമനസ്സാന്നിദ്ധ്യം നമുക്കു

Digitized By Kerala Sahitya Akademi

നാസ്തി. പുറപ്പെടേണ്ടതല്ലായിരുന്നു. എല്ലാം അപ്പൻ ചുററിച്ചതാണ്—ഒ:! ആരോ വന്നുകഴിഞ്ഞു—

(പൊടുന്നനെ കണ്ണടച്ചു ഉറക്കം അഭിനയിക്കുന്നു, രാമച്ചാർ ചൂലും തുവാലുമായി പ്രവേശിക്കുന്നു)

രാമ:—കിഴക്കേ പുറത്തുക്കൂടിയാണ് ലക്ഷ്മിയുടെ വരവ്. തിന്നാനും ഉറങ്ങാനും തൊഴുക്കാൻപറ ആളുണ്ട്. വല്ല ചപ്പോ ചവറോ അടിച്ചുകളയാൻ പെലച്ചയ്ക്ക്* എഴീക്കണമെങ്കിൽ അതിനും ഈ കിഴവനയുള്ളു! അമ്പമ്പോ കാലം! (തിരിഞ്ഞു് പ്രഭാകരനെ നോക്കീട്ട്) ആ! ഇതാണ്ടെ, ഒരാള്, അങ്ങനുകൊണ്ടാട, കേറി പടച്ചിരിക്കുന്നു! സൂക്ഷിച്ചുനോക്കി) യോഹോ! ഇതൊരു ശീമവേഷമല്ലയോ? (പിള്ളാച്ചന് ഉറങ്ങാൻകണ്ടൂട്ടസ്സലം കണ്ടില്ല്യോ? ഇത്തെറക്കുട്ടാലൊ? വല്ല ഉദ്യോഗസ്സനെങ്കിൽ — വയ്യവയ്യ! ഇതിനുമുയ്മ്പു കണ്ടിട്ടില്ല — (പിന്നേയും സൂക്ഷിച്ചുനോക്കി) ഇന്നലത്തെ ഉരുവിൽ ഇറക്കിയ പുത്തൻപുള്ളി (കംച്ചുക്കൂടി സൂക്ഷിച്ചുനോക്കി) അമ്മേ! മണ്ടമുതൽ മുട്ടുവരെ മുക്കറയിട്ട് പാറവലിക്കിണ് + ദൂരെ നിന്നോട്ടെ. അല്ലെങ്കിൽ വലിച്ചു മണ്ടയിൽ കേററൂടും. സൊരസ്സായ്പിന് ചേക്കപിടിക്കാൻ കിട്ടിയ വഴിയമ്പലമിതോ (കറച്ചുടുത്ത്) സാ—സാ— (പതുക്കെ കൈകൊട്ടി) സാ—സാ—സാറേ! (കറച്ചുക്കൂടെ ഉറക്കെ കൈകൊട്ടി) സാരോ—അടടാ ഇതു വെറും ജഡമോ, ഒട്ടുക്കത്തെ തവളമോ? (വാരിയെല്ലിന്റെ നേക്ക് പതുക്കെ ഒന്നു തൊട്ടുന്നു. പ്രഭാകരൻ ഞെട്ടൽ നടിച്ചു് കൈവീശി ഒരു വശത്തു അടിക്കുന്നു-

---

* പുലർച്ചയ്ക്കു് + കൂർക്കംവലിക്കുന്നു

Digitized By Kerala Sahitya Akademi

രാമശ്ശാർ ഒഴിഞ്ഞുകൊണ്ടു്) പെററവരെ പുണ്യംകൊണ്ടു് വായ്യൂരിക്കു് ചേഴിച്ചു. ഞെന്നിക്കോറെറാ കൊണ്ടിരുന്നെങ്കിൽ, ഒന്നോടെ വായുറന്നേനേ—അടവിലെ അടക്കാവു—(സാവധാനത്തിൽ അടുത്തുചെന്നു് ഒന്നു പിടിച്ചു കുലുക്കി പുറകോട്ടു ചാടിക്കളയുന്നു—പ്രഭാകരൻ മൂരിയിട്ടു് ഉണർന്നു്, ഉറക്കച്ചടവു തീർത്തു്, കണ്ണു തുറിച്ചു് രാമശ്ശാരെ നോക്കുന്നു. അ ഓരോ നാട്യത്തിനും രാമശ്ശാരു് ആക്ഷേപനാട്യങ്ങൾ കാട്ടുന്നു. പ്രഭാകരൻ കട്ടി ചാടി എഴുന്നേററു് രാമശ്ശാരുടെ മുഖത്തു മുഷ്ടിപ്രഹാരം ഏല്പിപ്പാൻ ചുവടു വെയ്ക്കുന്നു)

രാമ:—(ഒഴിഞ്ഞു്) ഗുൺമാഫാണിസാർ! (പ്രഹരശ്രമം) ചുമ്മാതല്ലിക്കൊല്ലാൻ പെരുവഴിപ്പാമ്പല്ലാ—(പ്രഹരശ്രമം) ഏ—ഏ—ഇതെന്തരു ക്രുത്തു്? ഞാനും വച്ചു കമയ്യൂമേ—അപ്പോതൊരയും കരിയുമൊക്കെ—ഹോ! ശത്രു! (ഒഴിഞ്ഞു്) ഇതെന്തെരു്, ഹെവിടെക്കിടന്ന, ചെകിത്താൻ?

പ്രഭാ:—(വെളിപാടുശബ്ദത്തിൽ) സന്ധ്യാതോറും ഉറങ്ങിക്കളയുന്ന ബ്രഹ്മാണ്ഡമടിയനെ പിടിച്ചെഴിപ്പിച്ചു് പ്രാചീനഗിരിയിൽ ഉദിപ്പിക്കാൻ—

രാമ:—(സംഭ്രമത്തോടെ നോക്കി ചിരിച്ചുകൊണ്ടു്) ഒലക്ക കൊണ്ടരട്ടോ സൊരയേ? മടക്കി ഒന്നു തലയിൽ കെട്ട്യാൽ പിന്നെ വേഷക്കൊറയെങ്ങു്? ഹേ്യാ! (പ്രഭാകരൻ പ്രഹരിപ്പാൻ ഒരുങ്ങി അടുക്കുന്നു—രാമശ്ശാർ നിലവിളിക്കുന്നു) അയ്യോ പൊന്നുങ്ങളേ! ഇതാ കൊല്ലണേ—ഒരു ഭ്രാന്തൻ അടിച്ചുകൊല്ലുണേ—(ഓടിപ്പോകുന്നു)

പ്രഭാ:—ഒന്നാംരംഗം റിഹഴ്സലിലും കേമമായി. സാധാരണയായിത്തന്നെ, അഭിനയം ചൊല്ലിയാട്ടത്തേക്കാൾ മെച്ചമാകും. എന്നാലും ഇനിയത്തെ രംഗം അതി

Digitized By Kerala Sahitya Akademi

വിഷമം! എന്റെ ഡാക്കർ ഗുരുനാഥാ! ഇക്കിഴവനി പ്പോൾ തമ്പിഅമ്മാവനെ ക്രട്ടിക്കൊണ്ടുരും. അദ്ദേഹത്തി ന്റെ മുമ്പിൽ ഒപ്പമിരിപ്പാൻപോലും ധൈര്യപ്പെട്ടിട്ടില്ലാ ത്ത ഞാൻ എന്തുചെയ്യും? ഇദ്ദേഹവും അച്ഛനും തമ്മിൽ ശണ്ഠകൂടിയതിന്റെ ശിക്ഷ ഇവനിതാ അനുഭവിക്കുന്നു. എന്തു കഷ്ടം! പെണ്ണൊന്നുകിട്ടാൻ പെരുക്കാലും പിടിക്കണം. എന്നാണു് വചനംതന്നെ. (പിന്നെയും കണ്ണടച്ചു കസാലയിൽ ഇരിക്കുന്നു. കേശവൻതമ്പി പുറകിൽ രാമസ്വാരുമായി പ്രവേശിക്കുന്നു)

രാമ:—(പുറകോട്ടു പുറകോട്ടു വാങ്ങി) പൊന്നങ്ങുന്നേ! പൊന്നങ്ങുന്നേ! അട്ടത്തോറെറാ ചെല്ലല്ലെ. ഈററപ്പുലി പോലെ ചാടിക്കടിക്കും. ഭുള്ളു ഭുള്ളു പോലെ പല്ലും കിരി ച്ചോണ്ടു് പച്ചയേ തിന്നും.

കേശ:—മിണ്ടാതിരിക്കു. അയാൾ ഉറങ്ങുകയാണു്. സാധു! തല്ലാൻവന്നു എന്നും മററും നീ സ്വപ്നം കണ്ട താണു്.

രാമ:—ആ ക്നാവുതന്നെ പക്ഷേ അങ്ങുന്നും കണ്ടേ യ്ക്കും. അതുകൊണ്ടു കരുതും കരുതീം—(രാമസ്വാർ മുമ്പിൽ കടന്നു നില്ക്കാൻ നോക്കുന്നു)

കേശ:—മാറിനില്ക്കു. (പ്രാകാരനോടു്) ഏഹേ!

രാമ:—എന്റെ പൊന്നങ്ങുന്നേ! വങ്കാളകള്ള ഉറ ക്കമെന്നേ—കണ്ടുടയോ? അതാണ്ടെ ഇമ രണ്ടും പൊരു പൊരാ എളകണു. (സ്വാമിയെ പിടിച്ചു കല്യക്കീട്ടു് മാറിക്കള യുന്നു. അയാൾ ദീർഘശ്വാസം വിട്ടുന്നതു്, എഴുന്നേററു് കേശവൻ തമ്പിയെ തൊഴുതു് ആഹ്ലാദിച്ചു നില്ക്കുന്നു.)

കേശ:—(ആത്മഗതം) ഇതു് സാസ്ത്ത് അല്ല. തൊഴുത ല്ലേ നില്ക്കുന്നതു്? നായരുതന്നെ പുത്തനിലും പുതു പു

Digitized By Kerala Sahitya Akademi

ന്തൻപുള്ളി ആ ഫാറവക്രുടി അണിഞ്ഞിരിക്കുന്ന മോടി കേമം. ശീമയ്ക്കും മററും പോയി വന്ന മിന്നസം കാണുന്നില്ല. (പ്രകാശം) എവിടന്നാണു്? (പ്രഭാകരൻ തലകുലുക്കുന്നു)

രാമ:—അമ്പടോ മൊരടിച്ച മൊർക്കള്ളന്! ഹ് ങ്ഹ! നിന്നോണ്ടു ശങ്കരനാരായണങ്കോവിലിലെ കാളപോലെ തലകുലുക്കിണതു കണ്ടില്ലിയോ?

കേശ:—ആരാണു്, എന്താ പോന്നതു്?

പ്രഭാ:—(ചാക്യാരുടെ വിലയും പ്രസംഗരീതിയും കൈക്കൊണ്ടു്)"ആദൌ കർമ്മപ്രസംഗാൽ". (രാമയ്യർ വാപൊളിച്ചു നില്ക്കുന്നു)

കേശ:—(ആശ്ചര്യസ്വരത്തിൽ) എന്തു്?

പ്രഭാ:—"ആദൌ—"(കണ്ഠം തെളിച്ചു്) "കർമ്മപ്രസംഗാൽ"—അതേയേ:—ആദിയിങ്കൽ—

കേശ:—ആരെന്നാണു് ചോദിച്ചതു്.

പ്രഭാ:—അതുതന്നെയാണു് ഉപന്യസിക്കുന്നതു്. "ആദൌ കർമ്മപ്രസംഗാൽ ജനിമൃതിവലയഃ" (കേശവൻ തമ്പി രാമയ്യരെ നോക്കുന്നു. രാമയ്യർ യഥാച്ചു് ഭ്രാന്തനാണെന്നു ആംഗ്യംകൊണ്ടു കാട്ടുന്നു.)

പ്രഭാ:—ആദൌ— അതായതു്—പൂർവ്വകല്പത്തിന്റെ അവസാനത്തിലും, ആയുസ്സംഭൃതമായുള്ള ഇദാനീന്തന ബ്രഹ്മാകല്പ കല്പത്തിൻെറ—

കേശ:—(ആത്മഗതം) അതെ. സംശയമില്ല ബുദ്ധി എന്തോ ഭേദിച്ചിട്ടുണ്ടു്. കടുകൈ ഒന്നും പാടില്ലാ. കഷ്ടമാണു! (പ്രകാശം) എന്താണു് പേരു്? വീടെവിടെ?

പ്രഭാ:—"സംസാരാൻ സവ്സാരാൻ"—യഥാഫലട്ടം ശ്രവിക്കാം. "ആദൌ കർമ്മപ്രസംഗാൽ കലയതി കലുഷം മാതൃ—"

Digitized By Kerala Sahitya Akademi

കേശ:—അനൎത്ഥമായി അതു ചൊല്ലിക്കഴിഞ്ഞില്ലേ?

രാമ:—യെവൻ വെള്ളപ്പാങ്കാലത്തു കള്ളിലോറോ കളിച്ചോണ്ടു കളിപ്പാങ്കേറി നിൽക്കണെന്നേ—

പ്രഭാ:—ഇതാ ഭീഷ്മ, അക്രൂര, ഉദ്ധവ, ഉശീനരാ എന്നു തുടങ്ങിയുള്ള മഹാനുഭാവവൎഗ്ഗത്തിനും തൊട്ടുകറിയായുള്ളോവേ! മററാരാൾ സംസാരിക്കുമ്പോൾ, ഈ ഉണ്ണിക്കോപ്പുട്ടവൃദ്ധൻെറ പ്ലവംഗ പ്രവീണത്വം—(ആത്മഗതം) നാരായണാ സങ്കടം! ആ ഡാക്കർ തുലഞ്ഞുപോകട്ടെ.

കേശ:—രാമാ നീ മിണ്ടാതിരിക്കു്. (പ്രഭാകരനോടു്) പറയാം—ഇടയ്ക്കു തടയുന്നില്ല. ആരാണെന്നു കേൾക്കട്ടെ. ശ്ലോകങ്ങൾ കൂടാതെ കഴിക്കുക ദയവുണ്ടായി.

പ്രഭാ:—ആദൌ:—അതായതു് സകല ചരാചരങ്ങളും അണുമാത്രങ്ങളായി ആദിയും അന്തവുമില്ലാത്തുള്ള ബ്രഹ്മാണ്ഡ വിസ്തൃതിയിൽ ചലിപ്പുതും ചെയ്തിയങ്ങുന്ന അവസരത്തിൽ—

കേശ:—(ഉറക്കെ സ്വാഗതം) ആദ്യത്തെ പുറപ്പാടാണു് ഇതിലും ഭേദം.

പ്രഭാ:—ശരി! ഉത്തമതമശ്ശരി! ആ വഴിക്കുതന്നെ മടങ്ങിയേക്കാം. തട്ടക്കരുതു്. തട്ടുത്താൽ എത്രയും ലേസായുള്ളതല്ലേ ജലം?—ആ അതിലോലവസ്തുവും പെരുകും—പെരുകിയാൽ പരക്കും. പരന്നാൽ കരകൾ ഭേദിച്ചു്, കിട്ടുന്ന വഴിയേ പ്രവഹിക്കും. ഹാ! പ്രകൃതം വിട്ടുപോയി. ഇസ്! ഛെ! (നെററിയിൽ ചൂണ്ടുവിരൽ ഊന്നി) സ്വല്പം ക്ഷമിക്കണെ ഓൎത്തുകൊള്ളട്ടെ (ചിന്ത നടിച്ചു്) വന്നു വന്നു! ശരിയേവന്നു. ആദൌ—

Digitized By Kerala Sahitya Akademi

കേശ:—(ഗൗരവസ്വരത്തിൽ)ഛേ എന്താണിതു്?

പ്രഭാ:—(ദീനസ്വരത്തിൽ)എന്താണു്, ഏതു്?

കേശ:—(ഹാസ്യമായി) ഭംഗിയായി—

പ്രഭാ:—(അലക്ഷ്യഭാവത്തിൽ) ഭംഗിയാക്കാൻ ആർ ത്തുനിഞ്ഞു? ആദൌ—

കേശ:—(ചെവി പൊത്തിക്കൊണ്ടു്) വേണ്ടാ വേണ്ടാ—

പ്രഭാ:—(വിരക്തഭാവത്തിൽ) വേണ്ടാ—

കേശ:—(ഊർജ്ജിതസ്വരത്തിൽ) മനസ്സുണ്ടെങ്കിൽ ആരെന്നു പറയൂ?

പ്രഭാ:—(അക്ഷമനായി)അതല്ലേ ഞാൻ പറയുന്നതു്?

കേശ:—(കോപത്തോടെ) ഏതു്?

പ്രഭാ:—(തുല്യനാട്യത്തിൽ) പറഞ്ഞില്ലേ?

കേശ:—(ദ്വേഷ്യനാട്യത്തിൽ) ഛെ—

പ്രഭാ:—(തുല്യസ്വരത്തിൽ) ഛൊ—

കേശ:—(ക്ഷീണസ്വരത്തിൽ) നാശം!

പ്രഭാ:—(തുല്യസ്വരത്തിൽ) കഷ്ടം! (കാര്യവാദമായ) വാക്കൊന്നിനു തടസ്ഥം രണ്ടായാൽ, എങ്ങിനെയാണു് കഥാകഥനം നടക്കുന്നതു്?

കേശ:—രാമാ, ആ മൂത്തപെണ്ണിനെ ഇങ്ങോട്ടു വിളിക്കു്. എന്താ വേണ്ടതെന്നു് എനിക്കു രൂപമുണ്ടാകുന്നില്ല.

രാമ:—അരപ്രാന്തനെ മുഴുപ്രാന്തനാക്കാനാണോ കുഞ്ഞുങ്ങളെ കൂടി വിളിക്കുന്നതു്?

കേശ:—പറഞ്ഞതു് കേൾക്കു് നീ. ഈയാൾക്കുതരം നിങ്ങളാരുമല്ല—മനുഷ്യരുടെ ചില നിലഭേദങ്ങൾനിന്നൊ

Digitized By Kerala Sahitya Akademi

പ്പോലുള്ളവർക്ക് മനസ്സിലാവുകയില്ല. പോ പൊ—അവളെ വിളിക്ക്.

രാമ:—ഉത്തരവ്! ഇയ്യാളെണ്ട പേമേളം കണ്ട് അങ്ങന്ന വേദാന്തങ്ങളിൽ കേറുണു. അതുമിന്നടിച്ചവേള ഫലം— (പോകുന്നു)

പ്രഭാ:—വ്യോമമണ്ഡലം വിമുക്താഭ്രമായി. വിശപ്പടികാരങ്ങൾ ഉദയമുഹൂർത്തത്തെ ഉദീരണം ചെയ്യുന്നു.

കേശ:—(ആത്മഗതം) ഈയാൾ ഒരു ആലങ്കാരികനോ? ആകട്ടെ, അംബികക്കുട്ടി വരട്ടെ.

പ്രഭാ:—ആ ധൂമകേതു വാലധി പൊലിഞ്ഞപ്പോൾ നമ്മുടെ പരമാർത്ഥകഥാപ്രസംഗത്തിനുണ്ടായിരുന്ന പ്രതിബന്ധവും തഥൈവ—ഇനിയെല്ലാം തിതിലസപ്രപൻ ആഖ്യാപനം ചെയ്യുകളയാം—ആദൈവ കർമ്മപ്രസംഗാൽ—അതാ, ആ നീരസാംബുദം കോപവൃഷ്ടിയുടെ പൂർവശകുനമാണ്. രംഗസ്ഥമഹത്തുക്കളുടെ അനുമോദനമാണ് നടന്മാരെ ചിത്രസേവന പ്രഭാവന്മാരാക്കേണ്ടതു്—ബ്രഹ്മാണ്ഡം ഒരു ബ്രഹ്മാണ്ഡരംഗം—അതിൽ—ആദൈവകർമ്മപ്രസംഗാൽ—

കേശ:—അനർത്ഥമെൻറപ്പനേ, മതി നിറുത്തു—

പ്രഭാ:—"അർത്ഥമനർത്ഥം" ആഹാ! ഇതു് ആർ അറിയുന്നു, ചിന്തിക്കുന്നു? ഈ മുദ്രയെ ആസ്പദമാക്കി അതിഗൌരവതരങ്ങളായ എത്ര ഉപന്യാസങ്ങൾ രചിക്കാം. (തിരിഞ്ഞുനോക്കി ഞെട്ടി ആത്മഗതം) ഇപ്പോൾ എല്ലാം തിരുതകടമായേക്കാം. ജ്യേഷ്ഠത്തിയുടെ വരവായി. ആ ഡാക്ടർ മന്തൻെറ വിപരീതസൃഷ്ടിയാണ് ഈ മഹാമനസ്വിനി.

Digitized By Kerala Sahitya Akademi

അദ്ദേഹം പുറത്തുനോക്കിയാൽ ചിരിച്ചുപോയേക്കാം. ഇവർ ഈ കൃത്രിമ പ്രഹസനത്തിലെ അർദ്ധസൂത്രധാരിണിയാണെന്നു അദ്ദേഹം പറഞ്ഞു. എന്നുമാത്രമല്ല, സ്ത്രീകൾക്കു ചൈതന്യ തയും തന്നിമിത്തം ദമശക്തിയും കൂടും. സാമുദായിക് വെസ്റ്റിനാൽ കുലീനകൾക്ക ചിരിച്ചുകൂടാത്തതും ആണു്. എല്ലാംകൊണ്ടും നമ്മുടെ ഗോഷ്ഠികൾ കണ്ടാലും, കഥാ രഹസ്യം പുറത്തു വിടില്ല—

(അംബികക്കുട്ടിയും രാമസ്സാരും പ്രവേശിക്കുന്നു)

പ്രഭാ:—(അതിഗൌരവത്തോടെ അംബികക്കുട്ടിയെ നോക്കീട്ടു് കേശയമേനോനോടു്) ഇദ്ദേഹമാണല്ലേ ഡാക്ടർ വൈദ്യരു്? മൂർഛ, മദമൂർഛ, മദാത്യയം, അപസ്മാരം എന്നാത്യാദിരോഗവർഗ്ഗങ്ങളെ ചികിത്സിക്കുന്ന കൃതാന്തൻ, അല്ലാ—ധന്വന്തരീ? ഈ ആവിർഭാവത്തിൽത്തന്നെ നാം വിദ്ദുരിതവിഭ്രമരായിരിക്കുന്നു—

അംബി:—(ആത്മഗതം) എന്നെ ഏല്പിച്ച കുറിപ്പിൽ ചാർത്തിയിട്ടുള്ളതുപോലെതന്നെ പററിച്ചിരിക്കുന്നു. വേഷം മാററിയിരിക്കുന്ന സാമാത്ഥ്യം എത്ര അഭിനന്ദനീയം! ഈ അനുജഗുരുന്നിനെ ഇവിടെ ബന്ധനത്തിലാക്കത്തക്ക വണ്ണം എല്ലാം കല്പാൾപ്പിക്കാനാണു് എൻെറ പാർട്ടു്— അച്ഛൻ പരമശുദ്ധൻ, ഉത്തമപ്രഭു, ദയാലു. ഈ വികൃതിക്കക്ഷിയെക്കണ്ടു് ഭ്രാന്തനെന്നു തീർച്ചയാക്കി, കുഴങ്ങുന്നു. ഞാൻ എന്തു ചെയ്യേണ്ടു? ഈ കൃത്രിമത്തിൽ പങ്കുകൊണ്ടാൽ—എയി! മടിച്ചുകൂടാ—അദ്ദേഹവും പ്രഭുവും പണ്ഡിതനും സമുദായത്തിൽ ഒരു നായകാംഗവും അല്ലേ? അവമാനത്തിലും വ്യസനത്തിലും സംഗതി അവസാനി

Digitized By Kerala Sahitya Akademi

പ്പിക്കയില്ലാ-- അദ്ദേഹത്തെപ്പോലുള്ളവരെ ഏറെക്കുറെ വിശ്വസിക്കാം--അല്ലാ, പൂൎണ്ണമായിതന്നെ വിശ്വസിക്കണം. (പ്രകാശം)— അച്ഛൻ വിളിച്ചു എന്നു് രാമശ്ശാർ പറഞ്ഞു. മടങ്ങിപ്പോയി, ഈയാളെ അയച്ചതിന്റെ ശേഷം വന്നാൽ പോരേ?

കേശ:--(അംബികക്കുട്ടിയെ രംഗത്തിന്റെ ഒരു ഭാഗത്താമാറി) കണ്ടില്ലേ ഈയാളെ? തലയ്ക്കെന്തോ സുഖക്കേടുണ്ടു്. വാട്ടക്കുകൾ എന്നെ അക്ഷമനാക്കിയെങ്കിലും, ഒരു അകാരണസ്നേഹം എന്നെ ക്ഷീണചിത്തനാക്കുന്നു—

രാമ:--(ഇടയിൽക്കൂടി ചെവികൊടുത്തു്) അയാൾ മാനം നിരക്കെ ചന്ദ്രനെ കാണുമ്പോൾ, ഇങ്ങു സിനേഹംപോലും! ഒരു മകളെ കൊടപ്പാനും അടുത്ത പടിയിൽ അൻപുതോന്നൂട്ടം (കേശവൻതമ്പി.രാമശ്ശാരെ പിടിച്ചുതള്ളുന്നു) തള്ളുവോ ചവുട്ടുവോ ചെയ്താലും, ഇയാൾ ഇപ്പുഴിവിടെ കള്ളൻ തുള്ളലൊന്നു മുടക്കുമെന്നു് രാമൻ കച്ചീട്ടെഴുതിവയ്ക്കാം.

കേശ:--ഛെ ഛെ! (അംബികക്കുട്ടിയോടു്) സ്ത്രീകളുടെ വാക്കു് ആർദ്രമായിരിക്കും.--അമ്മു ചോദിക്കു ആരാണെന്നു്-- ബുദ്ധിക്കു ശാന്തതവന്നു്, ശരിയായ ഉത്തരം കിട്ടിയേക്കാം.

അംബി:--(പ്രഭാകരനോടു്) സ്വന്തം ആളാണോ എന്നറിവാനാണു് ചോദിക്കുന്നതു്. എവിടുന്നു വരുന്നു?

പ്രഭാ:—(ആത്മഗതം) ജ്യേഷ്ഠത്തി അമ്മ ചോദ്യം തുടങ്ങിയാൽ മറുപടി എന്തു പറയണമെന്നു പഠിച്ചിട്ടില്ല. എങ്കിലും ഉത്തരം ഇതിനും മേല്പടി മേല്പടി തന്നെ ആക്കി

Digitized By Kerala Sahitya Akademi

കാളയാം—(പ്രകാശം) ആദൈവകർമ്മ പ്രസംഗാൽ കലയതി കലുഷം മാതൃകക്ഷൌ

അംബി:--ഇതു് വലിയ കർമ്മപ്രവർഷം ആകുന്നു--

പ്രഭാ:--(സന്തോഷഭാവത്തിൽ) ഇപ്പോൾ ഒരു സഹൃദയിനിയെ പ്രശ്നാധികാരിണിയായി കിട്ടി. കാര്യവശാൽ ഇവിടെ അറിയേണ്ടതു് ആരെന്നാണു്. മരുമക്കത്തായം, മക്കത്തായം, ക്രിസ്തീയദായം എന്നിത്യാദി നാനാദായങ്ങളിരിക്കെ, ഏതു ദായക്രമത്തെ അനുസരിച്ചാണു് മറുപടി വേണ്ടതെന്നു—മുഷിയേണ്ടാ—പക്ഷെ, ഒന്നു കഴങ്ങും. അതിനു ടിപ്പണിയും വ്യാഖ്യാനവും ഫാജരുണ്ടു്—വലിയഛൻ പ്രസവിച്ചു്—

അംബി:—ആരു് പ്രസവിച്ചു്?

രാമ:—കാളയ്ക്കു മുണ്ടുകൊടുത്ത കസളീവനം.

കേശ:—(അംബികക്കുട്ടിയോടു്) എന്തെങ്കിലും പറഞ്ഞു യാത്രയാക്കൂ. എനിക്കു കുറച്ചു് അടിയന്തരജോലിയുണ്ടു്. ഇതു കാണാൻ തന്നെ രസമില്ല (പോകുന്നു)

പ്രഭാ:—(ആശ്വസിച്ചു വിശിക്കൊണ്ടു്) ആ—വോ! ഈ കാളവിഡ്ഢിക്കുട്ടി പോയി എങ്കിൽ, രംഗം ഇന്ദ്രസഭാതുല്യം പേശലമാകും.

രാമ:—കാളവിഡ്ഢി ഞാനല്ലാ. തനിക്കു വല്ലോരും—(അംബികക്കുട്ടി വേഗത്തിൽ തടയുന്നു)

പ്രഭാ:—പഠിക്കടോ കുഞ്ഞുങ്ങളെക്കണ്ടു്. സഭാവൃത്തി അഭ്യസിക്കൂ. എന്താണു് ഡാക്കർ സുമതിക്കു അറിയേണ്ടതു്? അച്ഛൻ ആരെന്നല്ലേ ഒന്നാമതു്? വലിയപ്പൂപ്പന്റെ

Digitized By Kerala Sahitya Akademi

അച്ഛൻ—, അദ്ദേഹത്തെ അദ്ദേഹത്തിന്റെ അനന്തിരവൾ പ്രസവിക്കുവാൻ ആലോചിച്ചു--കഷ്ടമറന്നു. എന്നിട്ട്, അദ്ദേഹത്തിന്റെ അച്ഛൻ കാരണവർ ഭർത്താവില്ലേ? ആ യോഗ്യൻ കാരണവരുടെ ജ്യേഷ്ഠൻ രണ്ടു ആൺകുട്ടികളെ മാത്രം പ്രസവിച്ചതിൽ, നാലാമത്തവൾ--തിട്ടമായി ഗ്രഹിച്ചോളൂ--വംശവൃക്ഷം തഴച്ചുവരുന്നു, ശാഖകൾ വീശുന്നു--മുപ്പത്താറാം ശാഖ, ഏഴാം ചുള്ളിയിലെ, പതിനൊന്നാം കുസുമം ഒരു കന്യക. ശേഷിച്ച ഏക പ്രസവഷാൾക്കവും -- (അംബികക്കുട്ടി രാമച്ഛാരെ നോക്കുന്നു) എന്താണു നോക്കുന്നതു്? ഒരാൾക്കു ആറും ഏഴും പെൺകുട്ടികൾ ഉണ്ടാവുക അച്ഛന്മാരെ വലപ്പിക്കുമെങ്കിലും സംഭാവ്യമല്ലേ?

അംബി:--ആണുങ്ങൾ പ്രസവിക്കുന്നതു് ഈ പുറപ്പാടുപോലുള്ള ഒരു സംഗതി എന്നു മാത്രം ചിന്തിക്കുന്നു.

പ്രഭാ:—കഷ്ടം! പുരാണങ്ങൾ വായിച്ചിട്ടില്ല—ഈയാളെ തല്ലിക്കൊന്നാൽ പുരാണസംഗ്രഹം ഗ്രഹിപ്പിച്ചുതരാം. ഡാക്ടർ സുദതി അത്ര കസാലയിന്മേൽ ഇരുന്നു് വിശ്രമിച്ചാലും വംശപരമ്പരശാഖയെ വിട്ടിടത്തുവെച്ചു് ഇവൻ പടിച്ചുകൊള്ളട്ടെ. കിട്ടി—ജ്യേഷ്ഠൻ രാമൻകുട്ടി—അദ്ദേഹം ഒടുവിലത്തെ സന്താനം. അനുജൻ വേട്ടക്കാരൻ ഭദ്രകാളി! അമ്മാവൻ—അവർ തമ്മിൽ അളിയന്മാരായപ്പോൾ വംശാവലി വലയത്തിലുള്ള നമ്മുടെ സ്ഥിതിസ്പുടമല്ലേ? ദാഹംതീർത്തു ശേഷം കേൾക്കണമെങ്കിൽ അങ്ങനെ--എവിടെ വിട്ടു? വന്നു കഥത്തുമ്പ്! അതുകൊണ്ടാണു് ഞാൻ ആദിതൊ സംഗതിവശാലും സന്ദർഭവശാലും ഉണ്ടായിട്ടുള്ള അവസ്ഥാഭേദങ്ങളെല്ലാം എണ്ണി എ

Digitized By Kerala Sahitya Akademi

ണ്ണി, യഥാപ്പടി, പാമരന്മാക്കും സുഗ്രാഹ്യമാകുംവണ്ണം, വ ണ്ണിച്ചു തുടങ്ങിയതു്. ആദൌ--

അംബി:—(ആത്മഗതം) ഞാൻ പിടിച്ചു ബന്ധന ത്തിലാക്കിയതായി വരരുതെന്നും, അമ്മിണിയെക്കൊണ്ടു് അതു പററിക്കണമെന്നും ഒരു ശാസനംകൂടി പ്രോഗ്രാമിൽ ഉണ്ടു്. അങ്ങനെ നിവൎത്തിച്ചേക്കാം. (പ്രകാശം) രാമശ്ശാരേ! ഇങ്ങോട്ടുവരൂ; രണ്ടു വാക്കു പറയട്ടെ.

(രാമശ്ശാരും അംബികക്കുട്ടിയും അകത്തു പോകുന്നു)

പ്രഭാ:--എന്തായിതു്? കുട്ടി ജ്യേഷ്ഠത്തിക്കു കാൎയ്യം മനസ്സിലായില്ലെന്നു വരുമോ? നമ്മെപ്പിടിച്ചു പുറത്താക്കു ന്നതിനു കല്പന കൊടുക്കാൻ ആജ്ഞാപിക്കുന്നതിനോ രാമ ശ്ശാരെയും കൊണ്ടുപോയിരിക്കുന്നതു്? ഡാക്കരുടെ പ്രോ ഗ്രാമിൽ എന്തോ പിശകുണ്ടു്. അദ്ദേഹം ഇപ്പോൾ എ ത്തും. അതുവരെക്കും ഈ വരാന്തമുറി തന്നെ ശരണം.

(ഒരുവശത്തേക്കു പോകുന്നു)

(കർട്ടൻ)

Digitized By Kerala Sahitya Akademi

# രംഗം ൩

രണ്ടാംരംഗത്തിലെ വരാന്ത.

(രാമയ്യർ പ്രവേശിച്ച് ചുററിനടക്കുന്നു)

രാമ:—ആ പേത്തലയൻ പറന്നുപെയ്. ഇപ്പോഴം അമ്മിണിക്കുഞ്ഞു് മാനം ഇടിച്ച് തലയിൽ കമിക്കും. ഒളിച്ചുകളയാം. അല്ലാണ്ടിവിടെ പൊറുതിക്കു വഴിയില്ല. ഇത്തിരി തണുത്തിട്ട് ചണ്ടയ്ക്കു വന്നാലും, എന്തോരപ്പീന്നു മലന്നൂടാം (മറയുന്നു--അമ്മിണിക്കുട്ടി പ്രവേശിക്കുന്നു.)

അമ്മി:--(ചുററിനോക്കീട്ടു്) ഇവിടെ ഭ്രാന്തനുമില്ല ബുദ്ധനുമില്ല. ചേച്ചീയും ചാരുംകൂടി എന്നെ ഏപ്രിൽഫൂളം ആക്കി. (ഉറക്കെ) ലേംമശ്ശാരെ, അമ്പഃടാ മൂത്തതിമ്മശ്ശാരേ! ഒളിച്ചിരിക്കും. തന്റെ വാസക്കൊളത്തിനും വാജ്ഞനും കിഴി എന്റെ കയ്യിലുണ്ട്. ക്രൂഷ്ഃഫായി! ഒളിച്ചുകളിക്കാൻ പാതാളം തേടിക്കൊള്ളൂ. അല്ലെങ്കിൽ—(അകത്തുപോയി ഒരു വടിയുമായി മടങ്ങിവന്നു്)തന്നെ ഇന്നു് "കത്തിരിക്കാ കിത്തിരിക്കാ, തിന്തതൊരു പാവികളെ—വാണിയഞ്ചെക്കിലേപോട്ട ആട്ടഃച്ചാന്നാരം നൈനാർ"—എന്നപോലെ, ഉരലിലിട്ടു് അവച്ച് ഒവലാക്കുന്നുണ്ട്. അമ്മച്ചേച്ചിയല്ലിതു്— (വടി തോളിൽ ഏന്തിക്കൊണ്ടു് ചുററിനടക്കുന്നതിനിടയിൽ ഗാനം) "മൊണ്ടിരാമൻ പെണ്ണും കെട്ടി ആറുവരവെപോകുമ്പോം—ഞാണ്ടും ഞാ വന്നീ കുരവയുമിട്ടു് തൊണ്ടാന്മാക്കാരാർപ്പുവിളിച്ചു" (രാമയ്യർ പുറത്തോട്ടു തലനീട്ടുന്നു)

Digitized By Kerala Sahitya Akademi

പിടികിട്ടിപ്പോയി കള്ളനെ! (രാമശ്ശാരെ വലിച്ചിഴച്ചു രംഗത്തു കൊണ്ടുവന്നു) ഇവിടെ വന്ന ഭ്രാന്തനെ വിഴുങ്ങിയ ആ കുട വഡ്ഢി ഇങ്ങു കൊണ്ടുരു, ചീന്തട്ടെ—

രാമ:——അയ്യോ കുഞ്ഞേ! ചീവൻ ഒഴക്കേ ഒള്ളൂ—— ഒരു കഴഞ്ചെങ്കിലും കാലന വച്ചേക്കിൻ——

അമ്മി:——(വടിചൂണ്ടി) ആ തൊണ്ടക്കുഴൽ കാണട്ടെ— ഈ കന്തമണ്ടോട്ടിറക്കി, ചാക്യാരാട്ടക്കാറനെ ഛർദ്ദിപ്പിക്കട്ടെ—(രാമശ്ശാർ ഓരോ അംഗത്തിൽ വേദന നടിക്കുന്നു) ഹംബെഗ്ഗ്ക്കിളവാ! എന്നാൽ, ഒന്നു കൊണ്ടിട്ടുതന്നെ സന്ധികൾ തകർന്നതന്നെ നോവട്ടെ——(വടിഓങ്ങി) പ്രസംഗിക്കാറനെ ഹാജരാക്കുന്നോ?

രാമ:——ഇന്നാളത്തെകുരുത്തവാവെയുംകൂടി കൊണ്ടരണ്ടിയോ? അയ്യൊ! അടികൊള്ളാണ്ടുവളന്ന ചെല്ലക്കൊഴഞ്ചികൾ മൃക്കമ്പഴത്തെ മേലാണിത്ത്—

അമ്മി:—എന്നാൽ ഒന്നരണ്ടു കൊണ്ടിട്ട് ഒന്നു മര്യാദയ്ക്കു നടക്കാൻ പഠിക്കു——(വടിയുംചുറ്റി രാമശ്ശാരെ വട്ടമടിക്കുന്നു——പ്രഭാകരൻ പ്രവേശിക്കുന്നു)

രാമ:—ഇതാ—ആ മൂതേവിത്താൻ ഇതാ തട്ടുമ്പുറത്തുന്ന് തൊഴിഞ്ഞൂട്ടു—

അമ്മി:—(ആശ്ചര്യത്തോടെനോക്കി) ഓഹോ! ഇതാര് എന്തു വേഷം?

പ്രഭാ:—(ആത്മഗതം) ചടങ്ങെല്ലാം മറന്നു. ഇനി മനോധർമ്മം തുണയ്ക്കും. (പ്രകാശം) ആഹാ മഹാത്ഭുതം! ആകാരം, വർണ്ണത്തിൽ കനകദ്യുതി; സൌരഭ്യത്തിൽ നന്ദനപാരിജാതം. ത്രിദിവത്തിലേയ്ക്കുള്ള സുമാരാജിതസോപാനം

Digitized By Kerala Sahitya Akademi

ഇവനിതാ തരണം ചെയ്യുന്നു. ഇക്കാണുന്നതു് നന്ദനാരാമപ്രാന്തമോ? തലോടുന്നതു്, സപർഗ്ഗംഗാതടപവനനോ? എന്തായാലും ഒരു അപ്രമേയാനന്ദത്താൽ ഇവൻ ഹതോവാമോഹിതോവാ—ആഹാ—(തളർന്നഭാവത്തിൽ ചായുന്നു)

രാമ:—എന്റെ പിള്ള കൊച്ചുങ്ങളെ കണ്ടു് രാമനാട്ടാ തുടങ്ങുണല്ലോ.

അമ്മി:—(ആത്മഗതം) വേഷം മഹാ പ്രാകൃതം. ശബ്ദം മാററീരിക്കുന്നു. സംഭാഷണരീതി കേവലം അഭിനയമാണു്—നമുക്കെന്തുചേതം? അങ്ങോട്ടും കൊടുത്തേക്കാം. (പ്രകാശം) അങ്ങേ കണ്ടിട്ടു് ഒരു ദിവ്യനാണെന്നു സംശയിക്കുന്നു. മാതലിയൊ മഹാബലിയോ?

പ്രഭാ:—ങെ ഹാ! ഇതെന്തു കഥ? ഇവൻ മാതലിയും മാബർലിയും അല്ലിഷ്ടാ! ഇരിക്കു. ഭവനം ഇതാണല്ലേ? കണ്ടിട്ടെത്രനാളായി? "ഇന്ധനത്തിനു പോയപ്പോഴും മഴകൊണ്ടുപാരമുഴന്നതും"—ഓക്കുന്നില്ലേ? ആ പൊയ്പ്പോയ പൊൻകാലങ്ങൾക്കു ചാത്തമൂട്ടാൻ നോം കടപ്പെട്ടവരല്ലേ?

രാമ:—ഇപ്പം മട്ടൊന്നു മാറിയോ ഓരേ! (അമ്മിണിക്കുട്ടിയോടു്) എന്റെ കുഞ്ഞുംകൂടി ഇവൻറടുത്തു് ഒപ്പം കളിപ്പാൻ നിന്നാൽ ഇവനിപ്പം ഇവിടെ കരണം മറിയും-വല്ല അപ്പൂപ്പനെയോ മററൊ പെററൂട്ടുവയും ചെയ്യും.

പ്രഭാ:—(രാമസ്വാരോടു്) ഭവതീടെ മുഖേന്ദുദർശനത്തിൽ ഇവൻെറ ബുദ്ധികേന്ദ്രം രഥചക്രപരിവർത്തനം തുടങ്ങുന്നു—

അമ്മി:—ചന്ദ്രകിരണമുനകൾക്കു് അങ്ങനെ ഒരു ശക്തിയുണ്ടു്—

പ്രഭാ:—എക്സ്സെസ്സ്! അതീത കാലത്തെ മാകന്ദവാടി രംഗത്തിൽ ഇളകയിൽ ഭാഗവതർ പാടി! നാം വസന്താ

Digitized By Kerala Sahitya Akademi

ഷ്ടപദി ആടിനടന്ന കാലത്തു് ആ ഇന്ദുദീപകരങ്ങൾ ന മ്മെ തളത്തിയ അനുഭവം ഇന്നും ഓർക്കുന്നതെന്തു ചിത്രം! (രാമശ്ശാരെ ചൂണ്ടിക്കാട്ടി)ഈ സരണ ഭാഷിണി പണ്ടു് ബ്രഹ്മ സദസ്സിലെ ശർവരീശകുല ഭൂഷാവായ നർത്തകിയായിരുന്നു.

അമ്മി:—(ആത്മഗതം) ഇതു ഭ്രാന്തല്ല—കേവലം നാ ട്യമാണു്—(പ്രകാശം) എന്നാൽ അവിടുത്തെ ഹൃദയതോ ഷാവായ ഈ സുമുഖിയോടൊന്നിച്ചു് ദിവത്തിലേക്കു മട ങ്ങുകയല്ലേ ഭംഗി?

പ്രഭാ:—ഹേ നമ്മുടെ ബാല്യകാലസഖാവെ ക ണ്ടിട്ടു ഒന്നിലൊട്ടും മനസ്സു തിരിയുന്നല്ല. നമ്മുടെ അക ക്കമ്പിത്രസിച്ചു് "സുഖമമ സ്തുദിനം" എന്ന ഗീതത്തെ സ്രവിപ്പിക്കുന്നു.

അമ്മി:—എന്താണു് ഈ പറയുന്നതു്? അങ്ങേ സ ഖാവു് ഈ മോഹനയുവതിയല്ലാണ്ടു് ഇവിടെ ആരാണു ള്ളതു്?

രാമ:—നിങ്ങൾ രണ്ടുപേരും മത്സരിച്ചു് ഇവനെ ആണും പെണ്ണും കെട്ടക്കരുതു്.

പ്രഭാ:—(രാമശ്ശാരോടു്) ഹേ! ഹരിണാക്ഷി! മിണ്ടാതി രിക്കു (അമ്മിണിക്കുട്ടിയോടു്) ഭവാന്റെ ഉത്തമസഖാവു് സ്മരിക്കുന്നു—(ഗാനം) "അന്നു നാം പലരോടും പല കളി പഠിച്ചതും അകലെപ്പോയി ചിരിച്ചതും ഹരഹര മറന്നി തോ?" ഇതാ ഈശപരകോടികൾ മുപ്പത്തിമൂന്നും സാക്ഷി. ചതുർവേദാക്ഷരം ദ്വാദശായുതവും സാക്ഷി. ഈ ദൂരതാഭാ വം അല്ലെങ്കിൽ വിസ്മൃതി നാട്യം കേവലം വ്യാജം.

(ശ്ലോകം)

"വ്യാജം രണ്ടുവിധം പ്രോക്തം

ശോഭനം മററതു പച്ചയും

Digitized By Kerala Sahitya Akademi

ശേഷം കളിയിലായീടാം
പച്ച സാവ്ത്ര വർജ്ജയേൽ"—

ഇതു നാം പണ്ടു ചൊല്ലി രസിച്ചിട്ടുള്ള പ്രമാണമല്ലേ? ഇക്കാലത്തു ചുററിലും നിന്നു പൊഴിയുന്ന വ്യാജങ്ങൾ തലമേൽ കമിഞ്ഞു് സത്യാസത്യഭേദം ജ്ഞാനത്തിലും അനുഭവത്തിലും നിന്നു് തിരസ്കൃതമായിരിക്കാം, "ഗതാനുഗതികോ ലോകോ" എന്നല്ലേ നീതി? വരൂ—പണ്ടത്തെ കണക്കു് പരിരംഭണം ചെയ്തു് പരസ്പരസൌഹാർദ്ദത്തെ പുനർജ്ജീവിപ്പിക്കുക.

അമ്മി:—(ആത്മഗതം) പോയി ചേച്ചിയെ വിളിച്ചു കൊണ്ടുവരാം. എന്റെ മിടുക്കെല്ലാം സ്തംഭിക്കുന്നു. ഈ വിദ്വാൻ കടിലബുദ്ധിയാണു്. ആ പരിരംഭണപദപ്രയോഗത്തിനിടയിൽ ഇയാളുടെ ചുണ്ടുകൾ അർത്ഥവത്തായി ചലിച്ചു. ഈസം ഭാഷണം അവസാനിപ്പിച്ചില്ലെങ്കിൽ അടുത്ത അപേക്ഷ എന്തായിരിക്കുമോ? (പ്രകാശം) നിങ്ങൾ ഈ ദേവകന്യകയോടൊന്നിച്ചു് ഇവിടെ നൃത്തംചെയ്തു രസിക്കുക. ഞാൻ രസംകൊല്ലിയായി ഇവിടെ നിൽക്കുന്നില്ലാ. (പോകാൻ തുടങ്ങുന്നു)

പ്രഭാ:—(തടഞ്ഞുകൊണ്ടു്) ഇഷ്ടാ പോകരുതു്. ഈ ദേവിയുടെ സൌന്ദര്യപ്രഭകണ്ടു് എന്നോടൊന്നിച്ചു രസിച്ചു് പണ്ടേപ്പോലെ പല കൃതികളും ചമച്ചു് ഉല്ലാസക്കളിയാടാം. ഇതാ ഈ ദേവിയുടെ—

"സുരുചിരതൻ യൌവ്വനമാണ്ടു
കരുമിഴിയിണലോകമറിഞ്ഞു
ഉരസിജഗുരുമംഗലകംഭം—"

നാലാംപാദം പൂർത്തിയാക്കാനുള്ള അവകാശം പണ്ടേപ്പോലെ നിങ്ങൾക്കു തന്നെയിരിക്കട്ടെ.

Digitized By Kerala Sahitya Akademi

രാമ:—അല്ലേ മുമ്പിലത്തെ ആ സൌകര്‍മ്മപ്രസങ്കവും മററും മറന്നുപോയയോ?

അമ്മി:—നിങ്ങടെ സാഹിത്യഗതിയുടെ വിശേഷരീതിക്കു് വല്ലവരും വല്ലതുംസമ്മാനിച്ചേക്കാം.

(വീണ്ടും പോകാൻ തുടങ്ങുന്നു)

പ്രഭാ:—(ആത്മഗതം) സ്വരം തെററി. ആ ഭരാഗം ഒന്നു മൂര്‍ഛിച്ചുപോയി രാമശ്ശാക്കു മനസ്സിലാകാത്തതു ഭാഗ്യം. ഈ തടസ്സത്തെ എങ്ങനെ അവസാനിപ്പിക്കേണ്ടു? ആ ഡാക്കര്‍ മത്തൻ നശിച്ചുപോകട്ടെ!

(പ്രകാശം) ആദൈവ കര്‍മ്മപ്രസംഗാൽ.

അമ്മി:—(തിരിഞ്ഞുനിന്നു്) ഇപ്പോഴും ശരി. ആ പ്രസംഗം നടക്കട്ടെ. കേഠക്കാം.

പ്രഭാ:—എന്നാൽ ഇരിക്കൂ. (ഒരു കസേര നീക്കിയിട്ടു് കൊടുക്കുന്നു്) അത്ര ഭവാന്റെ വിധേയൻ എങ്ങോട്ടെന്നറിയാതെ കര്‍മ്മപ്രസംഗാൽ ഇങ്ങോട്ടേക്കു സഞ്ചരനായി. തഥാരാ കര്‍മ്മപ്രസാഗാൽ തന്നെ ഈ സന്ദര്‍ശനവും സംഗതമായി. ഇരിക്കൂ.

അമ്മി:—അങ്ങു് പോയി വരിക. അല്ലെങ്കിൽ ഈ രാമശ്ശാര്‍—

പ്രഭാ:—ഹ—ഹ—ഹ. രാമശ്ശാരോ? ദേവിയും ദേവകിയുമൊക്കെ ഇക്ഷണനേരത്തിനിടയിൽ മറന്നതോര്‍ക്കുമ്പോഠം പണ്ടു് ഒരിലയിലുണ്ടതും ഒരുമിച്ചു് ഉറങ്ങിയതും ആകാശരേഖയായതു് ആശ്ചര്യമല്ല. (ഏഴന്നേററു്)കൈതരൂ ഫ്റണ്ഡു്!

അമ്മി:—തൊടരുതു്.

Digitized By Kerala Sahitya Akademi

രാമ:—ഇതെന്തരു് ചാക്കംപോക്കമില്ലാത്ത ചെവിത്താൻ!

പ്രദാ:—സ്നേഹിതാ ഈ പടുവിഡ്ഢി മോക്കാളൻ നമ്പൂതിരിയോടു മിണ്ടാതിരിക്കാൻ പറക. നോം രാമലക്ഷ്മണന്മാരു്, വാസുദേവ പാൎത്ഥന്മാരു്. ആ ബന്ധം കൊണ്ടാടുമ്പോൾ ഈ ചപലജന്തു—

രാമ:—നോക്കു ക്രുവാ, തന്റെ പൊരാണങ്ങളുംകൊണ്ടു് വെളിയിലിറങ്ങു്.

പ്രദാ:—ഇതു് സ്നേഹടീസൺ * ആണു്. (വീണ്ടും ഇരുന്നു്) തല്ലുക, കൊല്ലുക. പണ്ടു് സ്നേഹപ്രസ്രവത്തോടെ സ്പൎശിച്ച കരാംബുജങ്ങൾ ഇന്നു് എന്തു് അൎപ്പിക്കുന്നുവോ അതു് ഇവനു് സായൂജ്യപദവിയെ പ്രദാനം ചെയ്യും. ഇന്ദ്രൻ വരട്ടെ. ഇന്ദ്രവൈരികൾ സകലം വരട്ടെ. ഇവൻ ഇളകില്ലാ.

അമ്മി:—(ആത്മഗതം) പോയി ചേച്ചിയെ വിളിച്ചു കൊണ്ടുവരാം. (പ്രകാശം) കുറച്ചു് ഇരിക്കണം. ഇതാ വന്നു കഴിഞ്ഞു.

രാമ:—ഇയ്യാണ്ടെ അടുത്തു സാമവേധ്യങ്ങളോ? കുഞ്ഞുപോവിൻ—

(അമ്മിണിക്കുട്ടി പോകുന്നു)

പ്രദാ:—(രാമന്റെ കണ്ണുരുട്ടി തുറിച്ചു നോക്കീട്ടു്) എടോ നാൺപൂരി! എന്റെ കണ്മണി പറിച്ചതുപോലാക്കിയില്ലേ താൻ? എന്നാൽ താൻ ഇനി ശക്കരഉപ്പേരി ചവച്ചു കൂടാ. ഓരോന്നും എണ്ണി എണ്ണി പറിക്കട്ടെ. കൊണ്ടരു.

* സ്നേഹദോഹം

Digitized By Kerala Sahitya Akademi

(രാമച്ചാരെ കടന്നുപിടിക്കുന്നു)

രാമ:—വയസ്സും തരവും നോക്കിക്കൊണ്ടു് ഇതെന്തൊരലമ്പാറു്? (പ്രഭാകരൻ രാമച്ചാരുടെ തലയ്ക്കുനേർക്കു് കൈ ഓങ്ങുന്നു) തല ഇരുമ്പും കല്ലുമല്ല—(ഓങ്ങുന്നു) അയ്യോ! ഇതാ കൊല്ലുണോ—(ടി) ചങ്കുവേ-(ടി) പപ്പുവേ-(ടി) ഈശ്വരോ-

പ്രഭാ:—(നിലകൊണ്ടു്) മിണ്ടരുതു്—ഉന്മാദസങ്കേതത്തിൽനിന്നു ചാടിപ്പോന്ന ഈ സോൽക്കണ്ടവേഷം കണ്ടു് വിറയ്ക്കൂ—

രാമ:—അയ്യൂ കണ്ടപ്പോഴേ അറിഞ്ഞതല്ലോ—കണ്ടു്, കണ്ണും തഴമ്പിച്ചു—

പ്രഭാ:—(മുഴുത്ത ഭ്രാന്തന്റെ ഭാവം നടിച്ചു്) നാലുപേരെ കഴിഞ്ഞരാത്രി കാച്ചി കഥകഴിച്ചേച്ചു് പോന്നു—"ദുഷ്ടമതേരേ രേ" ഇങ്ങനെ (വധിക്കുന്ന നാട്യം) ഹനിച്ചുപോന്നു-(രാമച്ചാർ നടുങ്ങിനില്ക്കുന്നു) ഭീരോ! ഒന്നിന്റെ കണ്ണും ഞെക്കി. ഒന്നിനെ ഇളംപനപോലെ ചീന്തി. ഒന്നിനെ കടൽ വെട്ടി ചവിട്ടിപ്പൊളിച്ചു—പിന്നത്തേതിനെ ആഹാ—
(ഇതിനെല്ലാം രാമച്ചാർ ഭയന്നു വിറയ്ക്കുന്നു)

രാമ:—(ആത്മഗതം) ഈ ചവംതിന്നി മാടനെ പിടിച്ചു ബോലീസിത്തന്നെ അടയ്ക്കണം. ചത്തശവങ്ങളു് പിള്ളേരൊന്നും വിളിയും കേക്കണില്ലാ—

(അമ്മിണിക്കുട്ടി വീണ്ടും പ്രവേശിക്കുന്നു)

പ്രഭാ:—ഇതാ ഈ നമ്പൂരി ബ്രഹ്മരക്ഷസ്സ് നമ്മെ നിഗ്രഹിച്ചു് ഊക്കഴിപ്പാൻ തുടങ്ങി. കുറുക്കികാളനാക്കി കുടിച്ചുകളയാഞ്ഞതു് ഭാഗ്യം! ശൌര്യഗുണംഇപ്പോഴും വിട്ടിട്ടില്ല. കണ്ടില്ലേ നിന്നു ഗദ ചുഴററുന്നതു്? എന്റെജീവസ

Digitized By Kerala Sahitya Akademi

ഖാവു് തൽപാർശ്വത്തിൽ നിമേഷമാത്രം ആസനസ്ഥൻ ആയാലും. ഇവൻ പണ്ടത്തെ നല്ലൊരു കഥ വിളമ്പാം—

(അമ്മിനിക്കുട്ടി രാമച്ചാരെ വിളിച്ചു് ദൂരെ കൊണ്ടുപോയി സംസാരിക്കുന്നു)

പ്രഭാ:—(ആത്മഗതം) എന്താണാവോ ആലോചന? അകത്തേക്കോ, പുറത്തേക്കോ, രണ്ടിലൊന്നാണു്. പക്ഷേ, ഗുരുനാഥൻ ഡാക്ടരുടെ രംഗധൂളീകരണം കണ്ടിട്ടേ ഇവൻ നിഷ്ക്രാന്തനാകൂ.

രാമ:—(അടുത്തുചെന്നു്) കൊച്ചുസാറേ! ശോമളക്കൊച്ചമ്മേ!—ഒരു തുള്ളി കാപ്പി ഇത്തിരി തൊട്ടുതേറിക്കണോ? കുളിരും പനിയും ഒക്കേ, സ്സൂ!

പ്രഭാ:—കാപ്പിയോ, കയറോ?

രാമ:—(ആത്മഗതം) അമ്പോ—എല്ലാം നാട്യം! കുഞ്ഞു പറയുമ്പോലെ ഇതിലെന്തോ കരുവുണ്ടു്. ഒന്നു ഏത്തമിടിച്ചുതന്നെ വിടണം—(പ്രകാശം) പഞ്ചാരയും പാലുമല്ല, കരുപ്പട്ടിക്കൊത്ത ചൂടുചൂട കടുംകാപ്പി! വല്ലതും ഇതു കഴിച്ചോണ്ടു്; വെയിലു് താന്നു്, വേറൊരു താവളം പിടിച്ചു്, ഇതുപോലെ കൂത്താടാം—(ആത്മഗതം) അതിനിടയ്ക്കു ബോലീസ്സു് കൂട്ടിലു്—(പ്രഭാകരൻ സമ്മതഭാവത്തിൽ കയിഞ്ഞു് രാമച്ചാരുടെ മുതുകിൽ തട്ടുന്നതിനു ഭാവിക്കുന്നു)

രാമ:—വേണ്ട വേണ്ടാ പക്ഷം കൊണ്ടാടിയതൊക്കെ മതി—(സ്ഫടികം ചലിപ്പിച്ചും തൊട്ടും നോക്കീട്ടു്) ഒ്ഹ്ം ഒരു കിഴിയോ പിഴിച്ചിലോ കഴിക്കണം—എന്നാലേ എല്ലൊക്കെ നിവരൂ. കാപ്പിയൊ കണ്ടവൻെറ കരളോ, തീയോ വേണമെങ്കിലു്, മുമ്പേ നടക്കണം-(മൂക്കുതൊട്ടുനോക്കീട്ടു്) ഇതു് അടങ്ങിപോകാത്തതു് ആരുചെയ്ത സുകൃതം കൊ

Digitized By Kerala Sahitya Akademi

ണ്ടോ? ഉ! മുമ്പേ നടക്കണം.' അകത്തോട്ട്—അകത്തോട്ട്—അങ്ങോട്ടതന്നെ.

പ്രഭാ:—വരിക സ്നേഹിതാ, സൽക്കാരത്തിനുവന്ദനം. നിങ്ങളുടെ ഭവനം ഇവനു വൈകുണ്ഠമാണു്. അപ്പോൾ അതിഥിയാണല്ലൊ മുമ്പിൽ നടക്കേണ്ടതു്? വെരിഗുഡ്.

(നടക്കുന്നു. മറ്റുള്ളവർ പിന്തുടരുന്നു)

(കർട്ടൻ)

## രംഗം ൪

മുൻരംഗത്തിലെ വരാന്ത.

(ഡാക്ടർ കറുപ്പു പ്രവേശിച്ചു് സ്വഗതം)

നമ്മുടെ പണി പററുന്നു. ചങ്ങാതിയെ അന്തഃപുരം പൂകിച്ചു. അമ്പോ! ഈ ലോലമഞ്ജരി നാട്യക്കാരെ വിശ്വസിച്ചുകൂടാ. കണക്കിനു് കോമാളിയാടിയിരിക്കും. തൊലിഢംബ്യം രജിസ്റ്റർ ചെയ്താലും നമ്മുടെ ഭരതശാസ്ത്രോപദേശങ്ങളെ അനുഷ്ഠിക്കുക അസാദ്ധ്യം. തമ്പിയങ്ങുന്നു് എന്തെടുക്കുന്നോ? ധനാശി എങ്ങിനെ മുത്തായിക്കുന്നോ? മിസ്റ്റർ പ്രഭാകരൻ ഇതിനകത്തു കടന്നിട്ടുണ്ടെന്നറിഞ്ഞാൽ അച്ഛന്മാർ രണ്ടുപേരിൽ ആർ ആദ്യമായി സമരത്തീട്ടുരം ചാർത്തിത്തുടങ്ങുന്നുവോ? ഈ അനൎത്ഥത്തിനെല്ലാം കാരണം അവരുടെ പിണക്കം തന്നെയാണു്. അതിനെ ആരായുന്നവർ ഉഗ്രമൌനത്താൽ സമ്മാനിക്കപ്പെടുന്നു. രോഗമറിയാതെയുള്ള ചികിത്സ ത്രിദോഷങ്ങളെയും ഇളക്കും. ഇതാ രാമശ്ശാർ വാൎത്താവഹനായി പുറപ്പെടുന്നു. കയ്യിലിരിക്കു

Digitized By Kerala Sahitya Akademi

ന്ന എഴുത്ത് ഇന്നത്തെ കഥാംഗമായിരിക്കണം. കൌശല ത്തിൽ അതിനെ കൈക്കലാക്കാം—(ചിന്താമഗ്നൻ എന്നപോലെ കസേരയിൽ ഇരിക്കുന്നു)

രാമ:—(പ്രവേശിച്ച്) ഇന്നലത്തെപ്പോലെ ഇന്ന് ഏണചേരാൻ ആരേയും കിട്ടീല്ലാ. അതുകൊണ്ടിന്നു പകലും നക്ഷത്രക്കാലെണ്ണുന്നു. വലിയങ്ങുന്നു മോളിലുണ്ട്. ചെന്നു പറയട്ടോ?

ഡാക്ടർ:—വേണ്ട—വേണ്ട—ദാമഗ്രന്ഥീ; സുഖക്കേടൊന്നുമില്ലല്ലൊ.

രാമ:—ഡാഗ്ഗുധാരയിരിക്കുമ്പം ദീനങ്ങളെത്തി നോക്കുമോ?

ഡാക്ടർ:—രാമശ്ശാരുടെ വാജ്ഞവോ?

രാമ:—അതങ്ങനെ പൊത്തിപ്പത്തുങ്ങിയിരിക്കുന്നു—എളിയവന്റെ ക്ഷേമത്തിനു യമൻ തന്നെ വൈദ്യൻ.

ഡാക്ടർ:—ആ വായു അങ്ങനെ ഇരിക്കട്ടെ. വേലയിൽ എളുവു കിട്ടാൻ ആവശ്യപ്പെടുമ്പോൾ, എടുത്തു പ്രയോഗിക്കാം.

രാമ:—ഇതാണല്ലൊ എന്റെ ഏമാൻറടുത്തു രാമശ്ശാർ കലമ്പുണത്. എന്നാണ് രാമൻ കള്ളക്കാളു കിടന്നത്?

ഡാക്ടർ:—ദാഹിക്കണെല്ലാ രാമശ്ശാരേ; വെള്ളദ്ദാഹമല്ലാ. ഒരൌൺസ് കാപ്പിദ്ദാഹവും, ഒരു സാസർ ബിസ്കറ്റ് ദാഹവും ആണ്.

രാമ:—അതു വരട്ടെ എന്റെ ഭഗവതിയെക്കൊണ്ടു സത്യംചെയ്തുപോയ് തൊണ്ട നനക്കാൻ തണ്ണി തരുല്ലെന്നു. ഇന്നലത്തതിന്റെ വിലവച്ചാൽ—

Digitized By Kerala Sahitya Akademi

ഡാക്ടർ:—എടോ നിൽക്കു. തന്റെ പാവപ്പെട്ട ഡാക്ടർ പെണ്ണുകെട്ടാൻ; പോണെടോ—പെൺ പെണ്ണുകെട്ടാൻ; ഒരു തരാധിനാഥമുഖിയെ. അതുകൊണ്ടു്, വേണ്ടതു തരാഞ്ഞാൽ തന്നോടു ചോദിപ്പാൻ ക്ഷണത്തിൽ ആളുണ്ടായി, കടക്കൺമുനകൊണ്ടു് തന്റെ ധർമ്മമില്ലാത്തടിയെ ശകലിച്ചുകളയും.

രാമ:—ആരാണു് ഏമാനേ! അത്രയ്യൊരു കൊച്ചുമിടുക്കി?

ഡാക്ടർ:—ആ പൂങ്കോട്ടയിലെ കുഞ്ഞുമ്മിണിക്കുട്ടി–

രാമ:—ഫോ! നിന്നടം പിളന്നുപോണ പെനസ്സിരുട്ടി. അതിനു നല്ല ആളുചേന്നു്, മാസവും ആറായി. അങ്ങത്തേക്കൂടി പോയി രാമശ്ശാരല്യോ മുതപ്പന്തിയിലിരുന്ന മൂക്കും പിടിച്ചുമക്കിയതു്.

ഡാക്ടർ:—തെററിപ്പോയെടോ, തെററിപ്പോയി. ആശാനും അടവു പിണങ്ങും. പറഞ്ഞുകൂടാത്ത വലിയ അവസ്ഥയിലുള്ള ഒരിടത്തേയാണു്. തിരുമനസ്സിലേയും മുമ്പു നിൽക്കാൻ അവകാശമുണ്ടു്. പെണ്ണു കണ്ടാൽ കറ കറുച്ചുപ്പു്, അത്രേയുള്ളു ദോഷം. വണ്ണവും പൊണ്ണവും തലയെടുപ്പും ഒക്കെ ഭംഗി! വയസ്സും 18,20, നമ്മുടെ പ്രായത്തിനു ചേരും. പേരു പറഞ്ഞാൽ താൻതന്നെ വേറുക്കാൻ കൊതിച്ചുപോകും. പഞ്ചകല്യാണി.

രാമ:—അയ്യ! ഇരുന്നിളകന്തു! സന്യസിച്ചു സന്യസിച്ചു മൂക്കിപ്പല്ലു വന്നിട്ടു് പെണ്ണു കൊള്ളാൻ ചെന്നാൽ, ആ നഗരാപ്പിടി ആനയെത്തന്നെ കിട്ടും.

ഡാക്ടർ:—തനിക്കതും കിട്ടൂല്ലാ. ഇങ്ങനെ കഴിക്കാമെടോ. നമുക്കു രണ്ടുപേർക്കും. പരമസുഖം! കണവന്റെ

Digitized By Kerala Sahitya Akademi

ചോറും നമ്മുടെ വയറും! എടോ തന്റെ കയ്യിലിരിക്കുന്ന കടലാസെന്തൊന്നാണു്?

രാമ:—(പരിഭ്രമിച്ചു് ഒളിക്കാൻ തുടങ്ങീട്ടും) അതു്—അതൊരു മുളിപ്പാട്ടു്—ഇല്ല വഴിയിക്കിടന്നൊട്ടത്തതു—ഭസ്മംപൊതിയാൻ കൊള്ളാം.

ഡാക്ട:—സ്റ്റേഹം പൊതിയാനല്ലേ? ബഹു രസം, ഒന്നുപാടു, രാമശ്ശാരേ! ഞാൻ ശ്രുതിയും താളവും ഒപ്പിക്കാം. (ശ്രുതിയും താളവും തെററായി പിടിച്ചു തുടങ്ങുന്നു. രാമശ്ശാർ കുഴങ്ങി നില്ക്കുന്നു)

ഡാക്ട:—(രാമശ്ശാരെ സൂക്ഷിച്ചു നോക്കീട്ടു്) എടോ ഹോ! തനിക്കെന്താ, പനീടെ ആരംഭമുണ്ടോ? ഇവിടങ്ങളിലൊക്കെയുണ്ടതു്—അതല്ലേ ചുററിസ്സഞ്ചരിച്ചു ദാഹിച്ചതു്. തനിക്കും പററി—കഷ്ടം! കഷ്ടം!

രാമ:—എനിക്കോ എന്താണേ?

ഡാക്ട:—തനിക്കുതന്നെ. ഡാക്ടർക്കുള്ളതുപോലെ രോഗങ്ങൾക്കും തന്നെ പേടിയുണ്ടോ? അതാ മുഖം പാളപോലെ വിളറി—നാക്കു നീട്ടു—കറുച്ചുക്രുടി—പോരാ—ശരി—(നാവുനോക്കീട്ടു്) എടെടോ അമാന്തമായി; കൈകാണട്ടേ! പടക്കം പൊട്ടുംപോലെ എത്ര ഡിഗ്രി ഡിഗ്രി ആയി നട്ടെല്ലു് തെറിക്കുന്നു. (നെഞ്ചത്തും മുതുകിലും രാമശ്ശാർക്കു വേദന ഉണ്ടാകുംവണ്ണം കൊട്ടി പരിശോധിക്കുന്നു—രാമശ്ശാരുടെ വേദന നാട്യങ്ങൾ) എടോ ചങ്കു വെള്ളമായിപ്പോയി! എന്തൊഴുക്കു്! എന്റെ പരിചയത്തിൽ ഇങ്ങനെ കണ്ടിട്ടില്ല, റീം റീമായി ഒഴുകുന്നു. (വയററിൽ കത്തി നോക്കീട്ടു്) അജീർണ്ണം മുറുകി അരിഷ്ടപ്രായമായി. നാശം! നാശം!

രാമ:—(വിറയലോടെ) ഹോ! ഹൌ! ആവൂ! ഹേമീനേ! എന്റെ പൊന്നേമാനേ! സമസ്താപരാധം! ആരുമി

Digitized By Kerala Sahitya Akademi

ല്ലാ—വല്ല കൊതിനപ്പൊടിയോ എന്തു കഴ്വെങ്കിലും പൊട്ട കലക്കിത്തരണേ!

ഡാക്ടർ:—എടോ, താൻ മുഴുവനെ ചത്തുപോകും. കൈവിട്ടുപോയി. (ചെവിയിങ്കൽ പിടിച്ചു് തല കുലുക്കീട്ടു്) ചെവിയ്ക്കു മേല്പോട്ടു തൊടാൻ പാടില്ലെടോ. തീ തീപോലെ പൊരിയുന്നു.

രാമ:—അയ്യോ! എങ്ങമിനി തൊടല്ലേ—ഒക്കെ ഇഞ്ചുപോലെ ചതഞ്ഞുപോയി. മഹാപാപി അവനെ കെട്ടി എടുക്കട്ടെ. അയ്യോ! എടുത്തുവാക്കുതന്നെ ഇനൊഴിച്ചതു്. ഫോ! വയററിൽ പനി കേറുന്നേവോ—വോ!

ഡാക്ടർ:—എടോ തനിക്കു പഞ്ചശരീയസ് അംബസഡാരിയസ്[*] എന്ന നെഞ്ചു വീപ്പാണു്. തുലഞ്ഞേനെ കഥ ഞാൻ വന്നുചേന്നില്ലെങ്കിൽ—

രാമ:—അയ്യോ! രക്ഷിതാവേ! എൻെറ ഒടയതേ—ആദ്യം ചാവണതു് വീട്ടിലായെങ്കിലു് ഒരാച്ചുണ്ടു്. അങ്ങെത്തിച്ചാൽ എമാനു് കോടി കോടി സൊഗ്ഗമുണ്ടു്—

ഡാക്ടർ:—വീട്ടിൽ എത്തേണ്ടയോടൊ? ആ കടലാസ് ദൂരത്തെറിയൂ—അതിൽ പനിവിഷമുണ്ടു്—കണ്ടില്ലേ, അതിൽനിന്നു് സന്നി തലയിലോട്ടു് കയറുന്നതു്? ഡാക്കു കാണാം—അതാ നീലാവിയായി (രാമയ്യാർ കടലാസ്സിനെ ദൂരെ വലിച്ചെറിയുന്നു)

ഡാക്ടർ:—(എഴുത്തിൻ്റെ മേൽവിലാസം നോക്കി) സൌഭാഗ്യവതി ഭാഗ്ഗവി അമ്മയ്ക്കു്—അതു് പോലീസു് ഇൻസ്പെക്ടർ അച്യുതമേനോൻെറ ഭാര്യ കൈസ്സട അമ്മിണിക്കുട്ടിയുടേതു്. ഇൻസ്പെക്ടരെ വരുത്തി ചോദ്യം ചെയ്യിച്ചു്

* പഞ്ചശരൻെറ അംബാസഡർ=കാമദൂതൻ

Digitized By Kerala Sahitya Akademi

ആരെന്നറിവാനുള്ള പണിയാണു്. ഇൻസ്പെക്ടർ വന്നുമ്പെ കഥ ശുഭത്തിലായിട്ടാകും. അതു നമ്മുടെ ഓമന ജ്യേഷ്ഠാംബയ്ക്കു് അറിയാം. ഇന്നലെ ഞങ്ങളെ കളിയാക്കിയ അമ്മിണിക്ക സ്തുതി അല്പം പറിക്കു—അല്പമൊന്നു തിണ്ടാട്ട—(പ്രകാശം) എടോ! ആരേയാണു് താൻ മഹാപാപി, തടാകം എന്നു് ശപിച്ചതു്?—

രാമ:—അവയ്ച്ചും തൊവച്ചുമൊന്നുമല്ല. ഒരു ചട്ടക്കാരൻ കോമാളി ഇന്നു കാലത്തു കണിക്കകേറിവന്നു. ഒരു വെങ്കല പ്രാന്തനേ—

ഡാക്ടർ:—അയാളെ രാമയ്യർ കശാപ്പുചെയ്തു് മേശയ്ക്കാരുക്കന്നോ?

രാമ:—അയ്യോ! പനി ഏമാനേ! ചെന്നിപൊട്ടുണു. അയ്യോ! ഇപ്പം ഉരുണ്ടുവീഴുമേ! കൊച്ചുകഞ്ഞു് പറഞ്ഞു്. അയാളെ പിടിച്ചു് ആ മൂലമുറിയിൽ അടച്ചു—അടച്ചു അഹ—ഹം—ഹു!

ഡാക്ടർ:—(അത്യാപത്തുള്ള ഭാവത്തിൽ) എന്തു ചെയ്തേടോ കുംഭാണ്ഡാ? പനി കൊല്ലുംമുമ്പെ തന്നെ സക്കാരീന്നു് തലകീഴായി, തൂക്കിലിടും. എന്തു ചെയ്തു താൻ? മുട്ടെത്തൊട്ടു സത്യം പറയൂ—

രാമ:—ശനിപിടിച്ചപ്പോഠം പടലയോടെ! (ആലോചിച്ചു്) തൂക്കാൻ കലവാസം ചെയ്യില്ലല്ലൊ ഏമാനേ! യോ, യോ, യോ!

ഡാക്ടർ:—ഇങ്ങോട്ടു കൊണ്ടുവാ തന്റെ ചെവി (ചെവിക്ക പിടിച്ചുയർത്തിച്ചു് മന്ത്രിക്കുന്നു)

രാമ:—(ഉച്ചത്തിലും നിവൻഹിന്നും) ഥമ്പുരാനോ? ലവരു പറയുമ്പോലെ എന്റെ പടച്ചവനെ!

Digitized By Kerala Sahitya Akademi

ഡാക്ടർ:—(രണ്ടുകയ്യും മുറുക്കി രാമശ്ശാരുടെ തലയിൽ ഇടിച്ചുകൊണ്ടു്) ശനിയാ! (മന്ത്രിക്കുന്ന സ്വരത്തിൽ ഊർജ്ജിതമായി) അഞ്ചാം മുറ. അതുകൊണ്ടു, പഞ്ചാമൃതം—മനസ്സിൽ ഇറങ്ങിയോ? വസന്തതിരുനാൾ—ആ പേരിനെതന്നെ തൊഴും. തൊട്ടുകളയരുതു് കേട്ടോ? അമൃതത്തിനു് ഉപദ്രവിക്കരുതു്. (സ്വാഗതം) വിശപ്പിന്റെ നഖമാന്തലും അല്പമൊന്നു ഏൽക്കട്ടെ. (പ്രകാശം) അമ്മിണിക്കുട്ടിയെ കാണാൻ വേഷം മാറി എഴുന്നള്ളിയതാണു്. തമ്പിഅങ്ങുന്നു എല്ലാം പററീട്ടറിഞ്ഞാൽ മതി. സന്തോഷം തമ്പിക്കു നല്ല മരുന്നാണു്. കാണട്ടെ കൈ. (കൈനോക്കി) ഹൊ! പനി ശറശറേ നന്നു നന്നു. ആളെന്താണു്, ഭേദമല്ലേ കണ്ടാൽ? രസിച്ചുവോ? മുഖത്തെ പ്ളാസ്തിരികളെ കണക്കാക്കേണ്ടാ.

രാമ:—പിടിച്ചെന്നോ? നാരായണ! സമസ്ല്യതങ്ങളും സ്ലോഹങ്ങളും കേട്ടു മതിമയങ്ങിപ്പോയില്ലെയോ? എന്റെ മേലൊക്കെ ഇത്തിരിശ്ശ തുക്കൈവിളയാട്ടം ചെയ്തേ—പനിയെല്ലാം പോയിപൊഴി കടന്നു. ഇനി, ആപണിക്കാരപ്പണിക്കരങ്ങത്തെ മോനും കിനമൊക്കെ കടിനീരിറക്കട്ടെ. പോട്ടെ, എന്റെ ഏമാനേ! നമ്മുക്കു തമ്പുരാന്മാരെന്നു പറയുമ്പംഒള്ള ഒരിതു്, യാസ്ത്ര്യാലുള്ളതല്ലേ്യാ? അതുകൊണ്ടല്ലേ്യാ രാമശ്ശാരു് തന്നറിയാണ്ടു എല്ലാം ഷെമിച്ചുട്ടതു്? (സംശയഭാവത്തിൽ) തമ്പിരാനെങ്കിൽ തലയിൽ ചട്ടി കമുത്തീരിക്കുണതോ?

ഡാക്ടർ:—ഛെ പോടോ! ചട്ടികണ്ടു കണ്ണുകൾ ചത്ത മത്സ്യത്തിന്റെ കണ്ണുകൾ. ഹാററല്ലേ അതു്? ചക്രവത്തി തിരുമനസ്സുകൊണ്ടും അണിയുന്ന മകുടം. വേഷംമാറാൻ ചാത്തിയതാണു്.

Digitized By Kerala Sahitya Akademi

രാമ:—എന്നാൽ ഒത്തു. അപ്പോ, ഏമാനൊന്ന് അകത്തു കേറി മുകം കാണിക്കണോ?

ഡാക്ട:—ഞാനെന്തിന കാണുന്നെടോ? അമ്മിണിക്കുട്ടിക്ക് ആഗ്രഹമുണ്ടെങ്കിൽ അവിടെ കൊണ്ടുചെന്ന് നമസ്കരിപ്പിക്കു, നടപ്പങ്ങിനെയാണ്. വേണങ്കിൽ മാത്രം മതി. രാമശ്ശാരുടെ ജ്വരത്തിന്റെ സ്ഥിതിക്ക് അധികമൊന്നും സഞ്ചരിക്കാൻ പോകേണ്ടിന്നു. വായു എന്ന് പറഞ്ഞു, ആ മുറിയുടെ പടിക്കൽ ഇസ്പാൻ ഗാട്ടകിടന്നുകൊള്ളു. സന്ധ്യയായിട്ട് പുള്ളിയെ പത്തുക്കെ ഉന്തിയരശാക്കു പോക്കു.

രാമ:—ഏമാനേ! കൈലാസം കിട്ടിയപോലത്തെ സന്തോഴം.

ഡാക്ട:—കാര്യം നടന്നിട്ട് സന്തോഷിക്കു,

രാമ:—ആ ഡീട്ടറക്കാൻ കട്ടിനായരും അച്ഛനും ഇളിച്ച പുളിച്ചേരി കുടിക്കുമല്ലോ, ഇതെല്ലാം ഓക്കുമ്പോൾ അവരുടെ മുഖത്തു കരിതേച്ചതാവൂല്ല്യോ? നമ്മുടെ കുഞ്ഞിന്റെ ബാഗ്യം ഏമാനേ! ഹ ഹ ഹ! ചിരിയും വരുണു. പണ്ടത്തെ ചങ്ങാതിപോലും! അവിടത്തെ തൃക്കണ്ണിന് രാമച്ചാരൊരു നമ്പൂരിത്തിരുമനസ്സും! എൻറാറേകാട്ടില്ലപ്പാ, എപ്പാമൊത്തെങ്കിൽ ഒരു ഉരുളിച്ച ഇവന്റെ കണക്ക്! (അൽപം ഇഷ്ഠാഭംഗം നടിച്ച്) പിന്നെയുമൊണ്ടല്ലോ ഏമാനെ, പട്ടും പരവട്ടവും ഇടുമ്പോൾ, സദ്യയും മേളവുമൊന്നും കാണ്വേലല്ലോ!

ഡാക്ട:—സദ്യയും സദിരും വേണ്ടെടോ! പിന്നീടെന്നാ നമുക്ക് അടിക്കലമടക്കം വട്ടത്തട്ടവുമല്ലയോ? രാമ

Digitized By Kerala Sahitya Akademi

ശ്ലാർ അമ്മവകവിചാരിപ്പു—ഏവിടെ ചെല്ലുന്നു കഥക ളെന്നു് ചിന്തിക്കുട്ടു. (കൈപിടിച്ചു കലുക്കുന്നു)

രാമ:—അ—അ—അയ്യോ! ഒ. ഒ! വെരളഞ്ഞും വത്സനായി! (ഡാക്ടർ കൈവിടുന്നു) വലിയങ്ങത്തോടു കല മ്പിയവരു് കലമിട്ടുടയ്ക്കട്ടെ.

ഡാക്ട:—അങ്ങിനെയിട്ടുടയ്ക്കട്ടെ. ഡിംഭർ! പക്ഷേ ടോ, ദമയന്തിയും നളനും ഭദ്രാ! ചെവിക്കു ചെവി അറി ഞ്ഞുപോയ്ക്കൂടാത്ത കഥയാണു്, മൂപ്പരുപോലും.

(ഡാക്ടർ എഴുത്തും എടുത്തുകൊണ്ടു് പൊയ്ക്കളയുന്നു)

രാമ:—(ആത്മഗതം) അപ്പോ—വിജാരിപ്പുകാരാവു മ്പോഠ കട്ടിം കവണീം തലയിക്കെട്ടും അങ്ങനെ കുറികളും പിടിച്ചു്; അയലോക്കക്കാരും കാണാൻ വരുമ്പം, ഈ ച്ച രപിള്ള വിജാരിപ്പു്, പെയ്യാൽ പിന്നെ രാമൻപിള്ള വി ജാരിപ്പുഹാര! ഹാ!

(തെളിഞ്ഞു് കൈവീശി വിചാരിപ്പുകാരായി കാര്യം മരിക്കുന്ന നടയ്ക്കിടയിൽ, അമ്മിണിക്കുട്ടി പ്രവേശിക്കുന്നു)

അമ്മി:—സുന്ദരബ്രാഹ്മണനാടുന്നോ താൻ?

രാമ:—(ആനന്ദവിവശനായി പല്ലു കിറിച്ചുകൊണ്ടു്) കുഞ്ഞു പാട്ടാപോലെ—"ഇന്ദിരാവധി സുന്ദരപ്പുരുഷൻ- ഇന്നിഖവന്നു വാന്നരുളീടുന്നു" പാററുടില്ലിയോ ഇപ്പോഠ ഒരു സൊയംഭരം!

അമ്മി:—തനിക്കാണോ സ്വയം പാകം?

രാമ:—ഓ! അകത്തു കുടുങ്ങിക്കിടക്കണെ അനിയുദ്ധ ൻ ആരെന്നറിഞ്ഞോ? ഒഷവധം കഥ ആടാനാണു്, തെ രശീല പിടിക്കണം. (അമ്മിണിക്കുട്ടി ദേഷ്യപ്പെട്ടു് അടുക്കുന്നു) ഒന്നു മൊഹം കാണിക്കണോ?

Digitized By Kerala Sahitya Akademi

അമ്മി:—കുറച്ചുമുമ്പു് താൻ മുതുക കാണിച്ചതുപോലെ ചെന്നിനി ചെകിട്ടും കാണിക്കൂ—

രാമ:—അങ്ങിനെ എങ്കിൽ രാമശ്ശാരറിഞ്ഞതു് ഈ പൂട്ടിലിരിക്കട്ടെ—(കൈകൊണ്ടു് വാപൊത്തി നില്ക്കുന്നു)

അമ്മി:—(ആത്മഗതം)എന്തോ ഈയ്യാൾ അറിഞ്ഞിരിക്കുന്നു. (കരുണയോടു പ്രകാശം) എന്റെ രാമമ്മയല്ല്യയോ? കിട്ടിയ നിധിയിൽ പങ്കു എനിക്കും—

രാമ:—ആരുടെ രാമച്ചനമ്മല്ല ഒന്നുമല്ലോ—(വായിൽ നിന്നു് കൈപിടിച്ചു മാററുന്നതിനു് അമ്മിണിക്കുട്ടി ശ്രമിക്കുന്നു.)

ഡാക്ട:—(പ്രവേശിച്ചു്) ഇതാ, ഇതാ, പല്ലു പറിപ്പിനു് ലൈസൻസു് നമുക്കാണു്. (അമ്മിണിക്കുട്ടിയോടു്) കടന്നു കളയൂ അകത്തു്–ഇതാ പ്രഭാകരൻനായർ വരുന്നു–

അമ്മി:—വന്നാലെന്തു്? വന്നപോലെ പോകും. വലിയ പേടി ആണെന്നു തോന്നുന്നു. ഇഷ്ടന്റെ കക്ഷിക്കാരനായി ശണ്ഠയ്ക്കു് വരികയായിരിക്കാം—

ഡാക്ട:—ഇഷ്ടത്തിക്കു വേണ്ടിട്ടെന്നാണു് വൈദ്യന്റെ പക്ഷം. അവിടെനിന്നു കാമുകനായ അഭിരാമനെ ഗന്ധമാല്യാദികൊണ്ടു് സൽക്കരിക്കൂ—

അമ്മി:—വരുന്ന പാവങ്ങളെ ഫീസു കിട്ടാൻ മിരട്ടുന്നതു ഞാനല്ലാ.

ഡാക്ട:—ഛെ—ഛെ—ഞാൻ ഒന്നും പറഞ്ഞില്ലാ— ആ കസാലയിൽ ഇരുന്നു് ദേഷ്യക്ഷീണം തീൎത്തിട്ടു പ്രാണപ്രിയനെ സൽക്കരിക്കൂ. നിങ്ങൾ തമ്മിലുള്ള പ്രണയസല്ലാപത്തിൽ ഞാൻ കടന്നുകൂടി സുഖക്കേടുണ്ടാക്കുന്നില്ലാ—പൊയ്ക്കളയാം. (അമ്മിണിക്കുട്ടി പരിഭവിച്ചു് അകത്തു

പോകുന്നു) (രാമശ്ലാരോടും) പുറകെ മണ്ടു. വല്ലേടത്തും ശിവ നേന്നു പട്ടുക്കു. അല്ലെങ്കിൽ ജ്വരം ആവത്തിക്കും— (രാമശ്ലാർ പചവട്ടം സലാം വെച്ചുകൊണ്ടു് അകത്തേക്കു ഓടുന്നു( നന്നേ പുതച്ചു കിടക്കണം—(സ്വാഗതം) പണിക്കരെദ്ദേഹ ത്തിന്റെ പുത്രശോകാത്തപ്പുറപ്പാടു കണ്ടാണു് ഞാൻ ഇങ്ങോട്ടു ഓടിക്കടന്നതു്. ശകുനത്തിനു നിൽക്കേണ്ട. ലം ബോദരസ്വാമിയായിഇതിനകത്തെകന്നിരാശിയിൽ അധി വസിച്ചു് "കല്യാൺ ഭക്താ"ന്നു് എല്ലാം കലാശിപ്പിക്കാം. പോകുന്നു.

(കർട്ടൻ)

## രംഗം ൭

മുൻ രംഗസ്ഥലമായ വരാന്ത.

(കേശവൻതമ്പി പ്രവേശിച്ചു് സ്വാഗതം)

കേശ:-- പണിയുടെ ഞെരുക്കത്തിൽ എല്ലാം മറ ന്നിരിക്കുന്നു.കുട്ടിസായ്പിനെ രാമശ്ലാരു് എന്തുചെയ്യുവോ? അയാളെ കണ്ടപ്പോൾ, പ്രഭാകരൻകുട്ടിടെ ഓമ്മവന്നു. അമ്മിണിക്കുട്ടി കാണാത്തതു ഭാഗ്യമായി. അച്ഛന്റെ വൈശ്രവണ ഞെളിവല്ലെങ്കിൽ, മകൻ നല്ല യോഗ്യൻ. അമ്മിണി ഏണംവിടാതെ എന്നോടു കലഹിച്ചിരിക്കയാ

Digitized By Kerala Sahitya Akademi

ണ്. വേണ്ടാന്ന്! സ്ഥാനമാനക്കാർക്ക് ഇതിലെല്ലാം വിഷമംതന്നെ! ന്യൽത്തോളന്മാരെ പാടൊള്ള എന്ന ഗ്രഹലായ് * വലിയ രക്ഷ! (ശ്രീകണ്ഠൻനായർ പ്രവേശിക്കുന്നു) വരു, വരു, ഈയിട കാണ്മാനില്ല. പ്രഭാകരൻ കട്ടിടെ കക്ഷിക്കാരാണല്ലോ നിങ്ങളെല്ലാം. എന്നെ നിങ്ങൾ സ്നേഹക്കെട്ടിൽനിന്നും മുടക്കിയിരിക്കുകയായിരിക്കാം. എന്താ മുഖത്ത്, ഒരു അസ്ഥാളിപ്പിന്റെ ലക്ഷണം കാണുന്നത്? വരു ഇരിക്കു, ഇരിക്കു, എന്താ ക്ഷീണമുണ്ട്. കുറച്ചു റ്റീ കൊണ്ടുവരാൻ പറയട്ടെ?

ശ്രീക:--(കുംച്ചുകൂടി അസ്ഥാളിപ്പു് നടിച്ചു്) ഗോപാലൻനായരദ്ദേഹത്തിന്റെ വീട്ടിൽ പോയിരുന്നു. അവിടെ വലിയ തിരക്ക്--അദ്ദേഹം കിടന്നുരുണ്ടു് മുറവിളികൂട്ടുന്നു.

കേശ:--കരയുന്നോ? അങ്ങേർ അകക്കട്ടിയുള്ളവനല്ലേ?

ശ്രീക:--പ്രഭാകരൻനായരെ കാണ്മാനില്ല

കേശ:--കാണ്മാനില്ലേ! ഛെ! ആ കണ്ട്രിക്ലബ്ബിന്റെ മാൻഷ്യനിൽ * വല്ല നാവൽസും ഡിന്നഴ്സും തിന്നുമദിച്ചു് കിടക്കുആയിരിക്കാം. നിങ്ങടെ ഒക്കെ സങ്കേതം അതാണല്ലോ! നിത്യം രണ്ടുനേരം അവിടത്തെ ദേവരെ കൈതൊഴുതില്ലെങ്കിൽ നിങ്ങൾക്കെല്ലാം ഉദയാസ്തമനപ്പെൻഡ്യൂലം തകന്നുപോകും. പുത്തൻകൂററുകാരെ വട്ടം കറക്കാൻ ആ പുരോഹിതക്കൂററൻ സൃഷ്ടിക്കപ്പെട്ടു.

ശ്രീക:--(ആത്മഗതം) ഇപ്പോൾ കറക്കുന്നതു് അവിടത്തേയാണു്, ഞങ്ങളെ അല്ലാ. (പ്രകാശം) ഞങ്ങളെ

---

* ഗൃഹനിയമം  * മന്ദിരത്തിൽ

Digitized By Kerala Sahitya Akademi

അദ്ദേഹം ജീവിതരണത്തിന്ന് പരിശീലിപ്പിക്കുന്നു. മിസ്റ്റർ പ്രഭാകരൻ രണ്ടു നാളായി വീട്ടിൽ ചെന്നിട്ടില്ല.

കേശ:—ആ കണ്ടന്റെ കണ്ടുവയററിൽ കണ്ടുകിട്ടു മെന്നു് ഞാൻ സത്യംചെയ്യാം.

ശ്രീക:—എങ്കിലും, ഇതുവരെ ഇവിടെ അറിഞ്ഞില്ലല്ലോ! നഗരമെല്ലാം ഈ വൎത്തമാനം പരന്നിരിക്കുന്നു. സ്നേഹം മുറിഞ്ഞപ്പോൾ അവരെക്കുറിച്ചുള്ള അന്വേഷണവും നിലച്ചായിരിക്കാം.

കേശ:—നിങ്ങൾ കൊച്ചു യോഗ്യന്മാരു് എന്തെല്ലാം കാട്ടുന്നതന്നൊ? അതിനൊരു നിയമവും സീമയുമില്ല.

ശ്രീക:—എന്തു കാട്ടാം? ദൃഷ്ടാന്തങ്ങളായി കിട്ടുന്നതു മഹാനുഭാവന്മാരായ മൂത്തവരുടെ അകാരണ ശണ്ഠകൾ, കലഹങ്ങൾ.

കേശ:—(ചിരിച്ചുകൊണ്ടു്) നിറുത്തു, നിങ്ങളുടെ ഇളം കണ്ണുകൾ കാണാതെ പല ഗൌരവസംഗതികളും മനുഷ്യരുടെ സഹവാസങ്ങൾക്കിടയിൽ സംഭവിക്കാം.—

(പണ്ടാരം പ്രവേശിക്കുന്നു)

പണ്ടാരം:—ശിവനേ പരം—ശ്രുപ്രമണ്യം—ശിവകിടാക്ഷം,

(ഗാനം)

"ചിത്തിരാർ പുത്തിരരേ, ശിവനേ ശിവായനമാങ്ങ്—
ശിവനേ നിനന്തവരും—ശിവൻകതയെ കേൾപ്പവരും
മാററില്ലാച്ചെമ്പൊന്നും തോററമവർവാശലിലെ"—
വേലായുധക്കടവുരെ ശിത്തം.

ശ്രീക:—മതിയെടൊ; നിറുത്തു.

Digitized By Kerala Sahitya Akademi

പണ്ടാ:—പലവീട്ടപ്പിള്ളൈ! പരദേശി! കഷ്ടം പൊന്നങ്ങുന്നേ! (ഗായം) "വാണാലുക്കടയവൻ വന്താൽ—വര മാട്ടേനെൻറാൽ വിട്ടുവാരനാ ശിത്തൻ—" ഹരാ, ഹരാ, തായ തന്നൈ പൊന്നങ്ങുന്നേ!

കേശ:—എന്തോന്നാ പണ്ടാരം? ഇത്ര വ്യസനത്തിന്ന സംഗതിയെന്തു്? ആരു മരിച്ചുപോയ്?

പണ്ടാ:—നമശ്ശിവായ, നാരായണ! ആണ്ടവൻെറ മനം. എട്ടത്തോണ്ടാൽ തകപ്പനെന്തു ചെയ്യാൻ, തായെന്തുചെയ്യാം?

ശ്രീക:—എന്തോന്നെടൊ താൻ എന്തെടുത്തുകൊണ്ടു വന്നിരിക്കയാണു്? എടുക്കയും, വയ്ക്കയും ചെയ്യുന്നവൻെറ പ്രസ്താവനയ്ക്ക ഇപ്പോൾ ഇവിടെ സംബന്ധമെന്തു്?

പണ്ടാ:—വേലായുധക്കടവുൾ, ഹരഹരാ—(ഭസ്മം പൂശിക്കൊള്ളുന്നു)

ശ്രീക:—കല്ലാലക്കടവാകട്ടെടോ.

കേശ:—ഫെ—ഫി—ഇതാണു് നിങ്ങളിൽ ലോകക്ക രസിക്കാത്തതു്. സാധുവിൻെറ സങ്കടത്തിൽ എന്തോ ഉണ്ടു്.

പണ്ടാ:—കഴന്തകളങ്ങത്തെ, കഴന്തകൾ! കലി പിറന്ത കാലവും! പൊന്നങ്ങത്തെ എളയ കൊച്ചമ്മേടെ തങ്കക്കടച്ചീമാളൻ—(ദീർഘശ്വാസം വിടുന്നു)

കേശ:—(ഭത്തിയോടുകൂടി) ആ ശീമാളൻ!—എന്താ പറയൂ (ശ്രീകണ്ഠൻനായരോടു്) എൻെറ കുട്ടാ, ഒന്നും ഒളിക്കാതെ പറയൂ. നിങ്ങളും അറിഞ്ഞിട്ടുണ്ടു്.

ശ്രീക:—അവിടുന്നു് ഇത്ര പരിഭ്രമിക്കേണ്ടാ, ഈയാൾ പറയുന്നതു് ശുദ്ധ നാൺസെൻസ്.

Digitized By Kerala Sahitya Akademi

പണ്ടാ:—ആണ്ടവനെ! നാണിച്ചീ എന്നും മററും ഉത്തരവാകരുത്. ഉശിർ പോക്കിയ കർമ്മം (കരയുന്നു)

കേശ:—(വ്യസന കണ്ണീതങ്ങളോടെ) എന്തോന്നാ നിങ്ങൾ രണ്ടുംപേരുംകൂടി എന്റെ മനസ്സിനെ ഇട്ട് ആടിക്കുന്നതു്? എന്താ ശ്രീകണ്ഠരെ? എന്തോന്നാണെടോ പണ്ടാരം?

പണ്ടാ:—എന്തു ബോധിപ്പിക്കുന്നു യജമാനെ! ആ കൊച്ചങ്ങുന്നു് ഇപ്പഴത്തെ ഭിസ്റ്റോക്കുകൊണ്ടു് തന്നെത്താനെ ശൂട്ടുകളഞ്ഞു മുരുകാ! വടിവേലവാ!

ശ്രീക:—വലിയ തോക്കുകൊണ്ടെന്നു കേട്ടില്ലല്ലോ? ഞാൻ അപ്പുറത്തുചെന്നു അരിവാങ്ങിക്കൊണ്ടുപോക്രു! (കേശവൻ തമ്പിയോടു്) ആളുകളുടെ, നാവുനീരു് പിരളുമ്പോൾ വൃത്താന്ത സ്വഭാവം ഒന്നു കതിനു പെരുകും. അല്ലാതെ അവിടുന്നു മറെറാന്നും വിചാരിക്കേണ്ടാ. ഈയാൾ പറഞ്ഞതു് അസംബന്ധമാണു്.

പണ്ടാ:—പലടംകൊണ്ടു പിഴക്കുന്ന ആണ്ടി. പരമാസ്സം ബോധിപ്പിച്ചു (പോകുന്നു)

കേശ:—അസംബന്ധമെന്നു തള്ളിക്കളഞ്ഞുകൂടാ, ഇപ്പഴത്തെ കൊച്ചുങ്ങൾ എന്തും തോന്നിയതുപോലെകാട്ടും.

ശ്രീക:—എന്തും കാട്ടുകയെന്നതു എല്ലാക്കാലത്തെ ചെറുപ്പത്തോടും ചേർന്ന ദോഷമാണു്. (ഗോപാലൻനായരും ശങ്കരൻകുട്ടിയും പ്രവേശിക്കുന്നു) ഇതാ ഇപ്പോൾ എല്ലാ സംശയവും തീരും.

(കേശവൻതമ്പിയും ശ്രീകണ്ഠൻ നായരും ഉപചാരഭാവങ്ങൾ കാണിക്കുന്നു)

Digitized By Kerala Sahitya Akademi

കേശ:—(ആത്മഗതം) ഫോ! മുഖം കരിഞ്ഞുപോയി. പ്രഭാകരൻ പാവം. അവനു് എന്തോ ആപത്തു സംഭവിച്ചിട്ടുണ്ടു്. ഈ കഥകേൾക്കുമ്പോൾ അമ്മിണി തീയിൽ ചാടും എന്നെയും കൊല്ലും— ആരോടും ഒന്നും പറയാണ്ടു് ഈ വഴിയെതന്നെ വല്ലടത്തേയ്ക്കും കുറച്ചുകാലത്തേക്കു് പുറപ്പെട്ടുപോയാൽ വേണ്ടില്ലാ.

ഗോപ:—(ആത്മഗതം) കുല ചെയ്തവനെപ്പോലെ നിൽക്കുന്നു! ഇദ്ദേഹത്തിന്റെ ധൂർത്തു്! ഇനിവൻ എല്ലാം പറഞ്ഞുതീർക്കും.

കേശ:—(ആത്മഗതം) ധനംകൊണ്ടുമാത്രം ലോകസൌഖ്യം തികയുമില്ലെന്നു പുള്ളിക്കു് ആദ്യമായിട്ടെങ്കിലും ബോദ്ധ്യപ്പെട്ടു.

(ഇതിനിടയിൽ ശങ്കരൻകുട്ടിയും, ശ്രീകണ്ഠനും കൈകൊട്ടുന്നു് ഒരു ഭാഗത്തേയ്ക്കു മാറിനിന്നു കൃത്രിമക്കാരെന്നുള്ള നാട്യം ശുദ്ധമായി പ്രകാശിപ്പിക്കുന്നു)

ശ്രീക:—ഇവർ ഇപ്പോൾ ഒരു മേഷയുദ്ധം തുടങ്ങും. കണ്ടില്ലെ രണ്ടുപേരും മുഖത്തോടുമുഖം നോക്കാതെ നിൽക്കുന്നതു്?

ശങ്ക:—നടക്കട്ടെ ഒരുപാടു്! കണ്ടു രസിപ്പാൻ ശ്രീനാരദപർവ്വതന്മാരായി നാം രണ്ടുപേരും ഇവിടെ ക്രീഡിക്കുന്നില്ലേ? ഡാക്കർ എവിടെ?

ശ്രീക:—എവിടെങ്ങാണ്ടിരുന്നു വളരുകയാണു്. കള്ളന്റെ അംബികാലക്ഷ്യവു് ആരും കണ്ടില്ലന്നാണു്. നാമിവിടെ എന്തുവേഷം ആടണം?

ശങ്ക:—ആടേണ്ടതോ? കളവുപറഞ്ഞോളുക! സത്യത്തിന്മേൽ കളവു പറയുക. എന്നുവച്ചാൽ ലായറാകാൻ എണ്ണയിടുക!

Digitized By Kerala Sahitya Akademi

ശ്രീക:—ക്ഷേത്രങ്ങളിലെ ശാന്തിവേലയ്ക്കല്ലയോ അത്ര നിർബന്ധയോഗ്യതയായി കല്പിച്ചിരിക്കുന്നതു്,

കേശ:—എന്താ നിൽക്കുന്നതു്? ഇരിക്കണം.

ഗോപാ:—ആവാം, ആവാം, (കുറച്ചു ചുററിയടന്നിട്ടു്) ഇനി ഇരുന്നിട്ടുതന്നെ ആവശ്യമില്ല. ദയയുണ്ടെങ്കിൽ എന്റെ മകനെ തരിക!

ശങ്ക:—അങ്ങനെ മർമ്മം നോക്കിത്തന്നെയാണു് ഒന്നാംകുത്തു്.

ശ്രീക:—സാരപ്പായിൻററിൽ ചാടിയതാണു ഫേ നമ്മുടെ പണ്ണി ലഘുവാക്കി.

കേശ:—മകനെ തരാൻ, എന്തൊന്നാണു് യഥാൎത്ഥത്തിൽ സംഭവിച്ചതു്? ഇവിടെ രണ്ടുവിധം വൎത്തമാനം കേട്ടു.

ഗോപാ:—(തടഞ്ഞു് ഒട്ടൊരു നീരസഭാവത്തിൽ) രണ്ടല്ല ം നാലും, നാല്പതു വിധത്തിലും, കേൾക്കും. വലിയ സ്ഥാനക്കൊമ്പുകാൎക്കു പല കറക്കങ്ങളും ഉണ്ടാകുന്നതു മനുഷ്യസ്വഭാവമാണു്—അങ്ങു് ഇങ്ങനെ പ്രവൎത്തിക്കുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ലാ. രണ്ടുവിധം കേട്ടു എന്നുതന്നെ വയ്ക്കാം. അങ്ങിനെ കേൾപ്പിച്ചതു മററാരുമല്ലാ. ഇവിടുന്നുതന്നെ. പറഞ്ഞു കൊണ്ടുതരിക, ഞാൻ ഒന്നു കണ്ടുകൊള്ളട്ടെ.

കേശ:—(പരിഹാസമായി) ക്ഷമിക്കാം. എന്തുകല്പനയാണിതു്? നിങ്ങൾ കലഹിച്ചതോടുകൂടി അയാടെ ഇങ്ങോട്ടുള്ള വരവു് നിലച്ചു. കുട്ടികളെ വട്ടംകറക്കുന്ന മൂത്ത ബാച്ചിലർ കണ്ടുക്കുറുപ്പിൻെറ വല്ല മാളത്തിലൊ, പോ

Digitized By Kerala Sahitya Akademi

ന്തലൊ അയാൾ കാണും. അല്ലാതെ എങ്ങും പോയിരിക്കാ യില്ലാ. പൊയ്യുളയുന്ന ആളുമല്ലാ.

(അമ്മിണിക്കുട്ടി പരിഭ്രമത്തോടെ പ്രവേശിക്കുന്നു)

അമ്മി:—എന്തു കഷ്ടമാണീഃകരുക്കുന്നതു്? അച്ഛൻ അനങ്ങാതിവിടെ നിൽക്കുന്നോ? എന്തുകഷ്ടം? ആ പണ്ടാരം ഇവിടെ ഒന്നും പറഞ്ഞില്ലയോ? ചെല്ലുണമച്ഛാ!

ഗോപാ:—കഞ്ഞേ! ഞാനിവിടെ വന്നിട്ടുണ്ടു്. വിശേഷിച്ചൊന്നുമില്ലാ— പരിഭ്രമിക്കേണ്ടാ. എന്നെ ഒന്നു മറിക്കാനായി അയാൾ എങ്ങോട്ടോ പോയിരിക്കുന്നു. അതുകൊണ്ടുള്ള തൽക്കാല ദുഃഖവും സ്ഥിരമായ അപമാനവും മാത്രമേ വിചാരിപ്പാനുള്ളൂ.

രാമ:—(വ്യസനത്തോടും പരിഭ്രമത്തോടും പ്രവേശിച്ചു്) ഇന്നത്തെ കണികണ്ടഫലം! കമുത്തിയ തൊപ്പി കണ്ടപ്പോഴെ എല്ലാം തൊലഞ്ഞു—(അമ്മിണിക്കുട്ടി വ്യസനിച്ചു് നിൽക്കുന്നതുകണ്ടു്) എ്യ! എ്യ! കഞ്ഞു കരയാനെന്തൊന്നു്? ഈ അച്ഛനങ്ങുന്നുതന്നെ എല്ലാം വരുത്തിയതു്.—അവക്കില്ലാത്ത ഖേതമോ നമുക്കു്—

കേശ:—നിന്നെ ആരിങ്ങോട്ടു വിളിച്ചു? പോ അകത്തേക്കു പോ—അഭിപ്രായങ്ങളും—

ഗോപാ:—അയാൾ അമ്മിണിക്കുട്ടിയെ ആശ്വസിപ്പിക്കാൻ വന്നതാണു—കുഞ്ഞു വ്യസനിക്കേണ്ടാ—ആത്മഹത്യചെയ്യുന്നോ മറേറാ കേട്ടെങ്കിൽ അതു കളവാണു്. എന്നെ തോല്പിക്കാൻ എങ്ങാണ്ടോ പോയിരിക്കയാണു്. ഇവിടെ പക്ഷെ കാണുമെന്നു വിചാരിച്ചു് ഇങ്ങോട്ടു പോന്നു. ശുദ്ധഗതികൊണ്ടു് എന്തൊ ഒക്കെ സംശയിച്ചു പോയി—

Digitized By Kerala Sahitya Akademi

രാമ:— ചുത്തപ്പെതിതന്നെ ചിലപ്പൊം എല്ലാം തകടമ്മറിക്കിണന്തു്!

ശ്രീക:— എന്തോഃടാ? മയ്യാദകേട്ടസംസാരിക്കുന്നോ

ശങ്ക:—മിണ്ടാതെ ഇരിക്കരുതേ തനിക്കു്? ശിഷ്യൻ കടന്നു് യജമാനത്വം നടിച്ചാൽ, അതിൻെറ ഫലം കാണുന്നതുതന്നെനാറിത്തുകൂടേ?

കേശ:—രാമാ, നീ അകത്തുപോ. ഇവിടെ ഞങ്ങൾക്കു ചിലതു ഗൗരവമായി സംസാരിപ്പാനും! നടത്താനുമുണ്ട്—നിൻെറ വിഡ്ഢിത്വങ്ങൾ കാട്ടാനുള്ള അവസരം ഇതല്ലാ?

രാമ:—കുത്തു് അകത്തുപോരിൻ—പോയവരു് പോയച്ചു വരട്ടു്. എവർ തന്നു് ഒരു ദേവലോകവും നമുക്കുവേണ്ടാ. നാലുചക്രമുണ്ടെന്നുവെച്ചു് ആരും മധിക്കരുതു്! ആ പൊക്കണം പെയ്യാൽ (മേൽപ്പോട്ടു ഊതുന്നു)

ശ്രീക:—ഈയാൾ നിന്നു കശയുണ്ടാക്കുന്നതു കണ്ടില്ലേ?

രാമ:—മുലകുടി മാറാത്ത നിങ്ങളു് വല്ലേടത്തും ചെന്നു് കഴിഞ്ചികളിപ്പിൻ.

ശങ്ക:—ഃവര—എന്തോന്നെടൊ? ഏറെപ്പറഞ്ഞാൽ—(ശങ്കരൻകുട്ടിയോടു് ശണ്ഠയ്ക്കു് രാമശ്ശാരു് അരയിൽ മുണ്ടു കെട്ടി നിങ്ങുന്നു—മററുള്ളവർ അരുതു്, ഛേ, ഛേ, എന്നും മററും തടുക്കുന്നതിന്നിടയിൽ ഡാക്ടർ കുറുപ്പു് പ്രവേശിക്കുന്നു)

ഡാക്ട:—(രാമശ്ശാരോടു്) എടോടോ! ഡബ്ബിറുക്കിളബ്ബാ! തൻെറ ജ്വരം മണിപൂരകത്തിൽ എത്തിക്കഴിഞ്ഞു. (കൈ പിടിച്ചുനീക്കീട്ടു്) തല ഇപ്പപ്പൊളിയും—അയ്യോ!

Digitized By Kerala Sahitya Akademi

എൻെറ ദശാവതാരങ്ങളെ! എന്തു് ഹിമവജ്ജപരം! ഇതാ, നിങ്ങളാരും ഈയാളെ തൊടരുതു്—(രാമക്കുറുപ്പ് ഡാക്ടരോടു് സ്വകാര്യം പറയാൻ ഭാവിക്കുന്നു) കിടക്കരുതെൻെറ ചെവിയിൽ. എന്നെക്കൂടി പനി പകർത്തി കിടപ്പിലാക്കരുതു്.

രാമ:--(ഡാക്ടരോടു് സ്വകാര്യമായി) പനിയൊക്കെ ലതുകേട്ടപ്പം പെയ്യില്ലയോ? തന്തോഴമച്ചിയോ പനിക്ക മരുന്നു്?

ഗോപാ:--മിസ്റ്റർ കുറുപ്പേ! എന്തോന്നാണു് മന്ത്രിക്കുന്നതു്? കമ്പികളെല്ലാം അയച്ചുവോ?

ഡാക്ടർ:--മന്ത്രിക്കുന്നതു് അയാൾക്കു പനിയിൽ തോന്നുന്ന ചില പിച്ചുകളാണു്.

രാമ:--(ഡാക്ടരോടു്) മിടുക്കൻ! മിടുക്കൻ! കൊണ്ടു വച്ചുണ്ണട്ടെ--അങ്ങനെ ഒഴിയണം; ചുമ്മായോ ഡാക്കിട്ടർ?

ഗോപാ:--കമ്പികളെന്തായി?

ഡാക്ടർ:—അയച്ചു--മറുപടികളും വന്നു. അവിടെങ്ങും ചെന്നിട്ടില്ലത്രേ. ഒരിക്കലും ഞാനിത്ര കഴങ്ങീട്ടില്ല. പ്രഭാകരൻകുട്ടിടെ കൈയിൽ ചക്രമിത്രയുണ്ടെന്നു് ആരറിഞ്ഞു?

ഗോപാ:--(നെഞ്ചിലടിച്ചുകൊണ്ടു്) നാരായണാ! എൻെറ കുട്ടൻ എവിടെപ്പോയോ?

കേശ:—വലിയ കഷ്ടമായി കഥ!

അമ്മി:--അപ്പൻ അന്വേഷിക്കണം. നിങ്ങൾ പിണങ്ങിയിരിക്കരുതു്.

Digitized By Kerala Sahitya Akademi

ശ്രീക:—കേൾക്കു വാദം. ഇക്കണക്കൊന്നിനെ തേടി പ്പിടിക്കു ഫേ!

ശങ്ക:— താനും. പ്രഭാകർ റോഗ് എന്തു ലക്കി *

രാമ:—(അമ്മിണിക്കുട്ടിയോട് സ്വകാര്യമായി) പോയെ ങ്കിൽ നമുക്കെന്തെരെന്നോ? പോയതു നല്ല കാലമല്ലയോ? അതങ്ങിനെ ഒഴിയാണ്ടു് ഇവിടെ ഇപ്പൊംനിന്നു പൊറുക്ക ണമതെങ്ങിനെ?

(അമ്മിണിക്കുട്ടി രാമശ്ശാരെ കൈകൊണ്ടു് വിലക്കി നിൽക്കുന്നു)

ഗോപ:—(കേശവൻതമ്പിയോട്) നിങ്ങൾ അറിഞ്ഞി ട്ടുള്ളിടത്തോളം സത്യം പറയണം. ഇവിടെ ചിലർ മന്ത്രി ക്കുന്നു. പരമാത്ഥം പറഞ്ഞു് എന്റെ മനസ്സിനെ ആ ശ്വസിപ്പിക്കുക.

കേശ:—എന്തന്യായമാണു് ഈ അപേക്ഷ? കുറച്ചു നിരസമുണ്ടെന്നുവെച്ചു്, അപമയ്യാദ. വിശേഷിച്ചും കുട്ടി കളെ സംബന്ധിച്ചു്, ഞാൻ പ്രവൃത്തിക്കുമോ? പ്രഭാകരൻ എന്റേയുമല്ലേ?

ശ്രീക:—കേൾക്കു—ഇവർ പരസ്പരം തല പൊളി ക്കുമ്പോഴും ഉമ്മ കൊടുക്കും—

ശങ്ക:—തേങ്ങാ കൊടുക്കും! നല്ല മരുമകന്മാർ പെ രുവഴിയിൽ ചിന്തിക്കിടക്കുന്നില്ല—

കേശ:—(ഡാക്ടരോട്) നിങ്ങളല്ലേ ഈ വക കാര്യങ്ങ ളിൽ സമത്ഥൻ? (ശ്രീകണ്ഠൻ ഡാക്ടരെ കുത്തുന്നു—ശങ്കരൻകുട്ടി രസിച്ചു ചാഞ്ചാടുന്നു) പ്രഭാകരൻകുട്ടിയെ കണ്ടുപിടിക്കാൻ വഴി കണ്ടുപിടിക്കു—ഗുണദോഷിക്കു—

---

* പ്രഭാകരൻ കള്ളൻ! എന്തു ഭാഗ്യവാൻ!

Digitized By Kerala Sahitya Akademi

ഡാക്ടർ:—പോയി അഹങ്കാരം തീൎന്നു വരട്ടെ. ഇത്ര തിടുക്കപ്പെടുമാനെന്താണുള്ളതു്?

ശ്രീക:—എന്താ പറയുന്നതു് ചങ്ങാതി? ദുഃഖിച്ചിരിക്കുന്ന ഗുരുജനങ്ങളോടാണോ കളിപറയുന്നതു്?

ശങ്ക:—മുത്തുമുറങ്ങിച്ച ബാച്ചിലർക്കുണ്ടോ ആൎദ്രത?

ഡാക്ടർ:—(ശങ്കരൻ കുട്ടിയെ ഒന്നു തല്ലീട്ടു്) സൊള്ളാ! മിണ്ടാതിരിക്കു. ഇവനെക്കെന്താണു് വ്യസനിക്കാനുള്ളതു് ഇദ്ദേഹത്തിനു വേണ്ട സമ്പത്തുണ്ടു്. അദ്ദേഹത്തിനു് പുത്രിയുണ്ടു്.

ശ്രീക:—(ഡാക്ടരോടു്) ഒന്നല്ലാ, രണ്ടു്. ബഹുവചനം പ്രയോഗിക്കൂ. അല്ലെങ്കിൽ—

ഡാക്ടർ:—(ശ്രീകണ്ഠനെ തല്ലീട്ടു്) ഇവററക്കിവിടെ എന്താണു് കാൎയ്യം ഞാൻ പറയുന്നതു്, എല്ലാപേൎക്കും ഓരോ നഷ്ടങ്ങൾ ഓരോ കാലത്തുണ്ടാകും. ശേഷിച്ചതുവെച്ചു സുഖിക്കണം. സന്തുഷ്ടിയാണു് മനുഷ്യൎക്കു പ്രഥമഗുണം.

ശങ്ക:—നിൽക്കണേ. ഡാക്ടർ ഒരു സംഗതികേട്ടില്ലായിരിക്കാം. ഇദ്ദേഹത്തിൻെറ സമ്പത്തു ബാങ്കിൽ കിടന്നതും പാടേ പൊളിഞ്ഞു അങ്ങിനെ ഒരു കമ്പിയും ഇന്നു കുറച്ചുമുമ്പുകിട്ടി.

ഗോപാ:—ക്രനിൽ കുരു പുറപ്പെട്ടപോലെ അത്രം പററി. എല്ലാം പോട്ടെ—(ഒരു കസേരയിൽ വീഴുന്നു)

ഡാക്ടർ:—അതുപോട്ടെ. രണ്ടുകേസ്സുകൊണ്ടു്, അത്രയിലധികം നേടാൻ അവിടേയ്ക്കു് ആയുസ്സ് ശേഷിക്കട്ടേ! അനുമതി—

കേശ:—(ഇരുന്നു് ആത്മഗതം) കഷ്ടം! മകനും ധനവും പോയി! ഇദ്ദേഹത്തോടു് ഞാൻ ശണ്ഠകൂടേണ്ടതല്ലായി

Digitized By Kerala Sahitya Akademi

ത്തന്നു. (കരുണനയോടുകൂടി ഗോപാലൻ നായരോട്) ഞാൻ എ ന്താവേണ്ടതു്? പറഞ്ഞാൽ എന്തുചെയ്‌വാനും തയ്യാ റുണ്ടു്.

ഗോപാ:—എന്നാൽ ഇക്കഞ്ഞിനെ പ്രഭാകരൻ കട്ടിക്കകൊടുക്കാൻ തയ്യാറാണെന്നു് പത്രങ്ങളിൽ ഒന്ന പരസ്യം ചെയ്യു. അതുകണ്ടാൽ പ്രഭാകരൻ മടങ്ങിഎത്തും.

അമ്മി:—കൊടുക്കുന്നതു പറയേണ്ട. ഞങ്ങാം പ്രദേ ഴ്‌സ് അല്ലാം ബ്രദറും സിസ്റ്ററും ആണു്. അച്ഛനും അമ്മാ വനും നിരന്നു എന്നു പ്രസിദ്ധപ്പെടുത്തിയാൽ മതി.

കേശ:—അങ്ങിനെയല്ലാ. നിന്നെത്തന്നെ ഇതാ കൊ ടുത്തുകഴിഞ്ഞു. പ്രസിദ്ധം ചെയ്തുകൊള്ളട്ടെ. അഡ്‌വർ ട്ടൈസ് ചെയ്യട്ടെ. * ഞങ്ങളുടെ ദുഃഖങ്ങളെ സർവ്വശ ക്തൻ തീർക്കട്ടെ (അമ്മിണിക്കുട്ടി ലജ്ജിച്ചു നില്ക്കുന്നു. ശങ്കരൻകു ട്ടിയും, ശ്രീകണ്ഠനും, ഡാക്ടരെ ഷേക്ഹാൻഡ് ചെയ്തു സദ്യ ഉണ്ണാൻ തെയ്യാറാകുന്നതിനു് ചില ആംഗ്യങ്ങൾ കാട്ടുന്നു. രാഘവൻ അതിപ രിഭവത്തിൽ മാറോരുത്തരേയും നോക്കുന്നു.)

ഡാക്ടർ:—ഈ സദ്യ ഉണ്ണുന്നോരു് വെറുതെ ഭ്രാന്തു പിടിക്കുന്നു. (കേശവൻതമ്പിയോടു്) അവിടുത്തേക്ക മററു പ ണിയില്ലേ? അമ്മിണിക്കുട്ടിക്കുവേണ്ടി മിസ്റ്റർ പ്രഭാകരൻ മടങ്ങി വരില്ല. ആ കക്ഷിയുടെ വക്കീൽ ഞാൻ തന്നെ യാണു്.

കേശ:—ഡാക്ടർക്കു് എന്തെല്ലാം തോന്നുന്നു?

ഗോപാ:—കുട്ടനെ ഗുണദോഷിച്ചു് ശരിയാക്കാനുള്ള ആൾ ഇങ്ങനെ പറഞ്ഞുകൊണ്ടാൽ എങ്ങിനെയാണു്?

ഡാക്ടർ:—എനിക്ക വിശേഷിച്ചൊന്നും തോന്നുന്നി

---

* പരസ്യം ചെയ്യട്ടെ

Digitized By Kerala Sahitya Akademi

ല്ലാ. പരമാൎത്ഥങ്ങൾ കാണ്മാൻ എനിക്ക കണ്ണു രണ്ടുണ്ട്. ഊഹശക്തി എൻെറ തൊഴിലിനിടയിൽ കുറച്ചൊന്ന് പുഷ്ടിയായിട്ടുമുണ്ട്.

കേശ:—എന്തൊന്നാ ഡാക്ടരെ ഈ മനശ്ശാസ്ത്ര റെവിലേഷൻസ്? +

ഡാക്ട:—എന്തൊന്നാണെന്നോ? മററുള്ളവർ കാട്ടുന്നതിന്ന കുററമില്ല. ഇവൻ പറയുന്നതിനാണ് കുററം! എന്നാൽ, കേൾക്കുക. അമ്മിണിക്കുട്ടിക്ക് ഇവിടെ വേറെ ആൾ ഏൎപ്പെട്ടിട്ടുണ്ട്. കഥയുടെ പൎവ്വങ്ങൾ പ്രഭാകരൻകുട്ടിയോളം ആരുംതന്നെ സൂക്ഷ്മമായി അറിഞ്ഞിട്ടില്ല. എൻെറ യുവസ്സേഹിതൻ പുരുഷത്വമുള്ള വീരനാണ്.

അമ്മി:—(വ്യസനത്തോടും പരിഭ്രമത്തോടും) ഡാക്ടർ ചേട്ടൻ ഇങ്ങനെതന്നെ പറയും. തക്കവുമില്ല, തരവുമില്ല. അച്ഛൻ അറിയാതെ ഇവിടെ എന്തു് ഏൎപ്പാട്? ഇങ്ങനെ അപവാദം പറഞ്ഞാൽ, എനിക്കും ചിലതറിയാം.

രാമ:—അപവാസവും ഒരഭവാസവുമങ്ങവച്ചേക്കട്ടെ, ആളൊന്നുകിലൊണ്ട്. ങ്ഹ്! എല്ലാംകൊണ്ട് ഒപ്പിച്ചെച്ചു് മലന്നുകളയുന്നതു് കണ്ടില്ല്യോ? അമ്പോ, നിക്കിന്നിടം താന്നുപോല്ലേ!

ഡാക്ട:—ഇങ്ങനെ ഓരോരുത്തർ ശത്രുത്വം തുടങ്ങുമ്പോഴാണ് മററുള്ളവർ നാടുവിട്ടോടിപ്പോകുന്നതു്. യജമാനന്മാരെ വഞ്ചിച്ച് ശിഷ്യന്മാർ വല്ലതുംപ്രവൎത്തിച്ചിട്ട് മററുള്ളവരുടെ മേൽ പഴി ചുമത്തുമ്പോൾ, ആൾക്കർ, രാജ്യം വിടും—കടലിൽ തീ പിടിക്കും, മലകൾ പണേ

---

+ പ്രകടനങ്ങൾ.

Digitized By Kerala Sahitya Akademi

ച്ചോലെ പറന്നു തുടങ്ങും—എന്തിനു് ഞാൻ കഥ വിസ്തരിക്കുന്നു? "ഉഷവധം" കഥ—

രാമ:—ഇതാണു് ഭണ്ടുതലയ്ക്കലും തീ വെയ്ക്കുന്ന കച്ചവടം—

ഡാക്ട:—അതു തനിക്കു യുള്ളൂ, സാക്ഷി മൂത്തകുട്ടിയുണ്ടു്. വിളിക്കട്ടെ ഇങ്ങോട്ടു്. അടുത്ത മുറിയോളംവരട്ടെ. അപ്പോൾ വേണ്ട തെളിവുതരാം.

അംബി:—(അറനിയറയ്ക്കകത്തുനിന്നു്) ഞാൻ ഇവിടെയുണ്ടു്.

കേശ:—ഡാക്ടർ ഇങ്ങനെ കളിപറയുന്നതുകൊണ്ടു് ഒന്നു തീർച്ചയായി. ഡാക്ടരറിയാതെ പ്രഭാകരൻ എങ്ങും പോയിട്ടില്ലാ.

ഡാക്ട:—എന്റെ മുട്ട രണ്ടാണെ. ഈ ബൂട്ടുസാണെ, രാമയ്യാര് പറയുമ്പോലെ ഈ തലച്ചട്ടിയാണെ, ഇപ്പോൾ ദാഹിക്കുന്ന കാഫിയാണെ, രാമയ്യാർ അറിയാത്ത കാര്യമൊന്നും ഞാൻ അറിഞ്ഞിട്ടില്ലേ. ഭൃത്യന്റെ ചെയ്കയ്ക്കു് യജമാനൻ ആണു് ഉത്തരവാദി. ശ്രീകണ്ഠരേ! നിയമം അങ്ങിനെയല്ലേ?

ശങ്ക:—അക്കാംപ്ളിസ്സിനും * ശിക്ഷയുണ്ടു്.

ശ്രീക:—ടാർട്സിൻ + പ്രകാരമൊ, പറവാനില്ല.

ഗോപാ:—കളിക്കാനുള്ള സന്ദർഭം ഇതല്ല—മനസ്സു വേകുന്നു.

അമ്മി:—മരണങ്ങളും കഷ്ടതകളും കണ്ടു് ഡാക്ടരന്മാരുടെ മനസ്സു കല്ലിച്ചുപോകും.

---

* കുറ്റത്തിൽ സഹായിച്ചവൻ + ടാർട്സ് = സിവിൽ കുറ്റങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന നിയമഗ്രന്ഥം.

Digitized By Kerala Sahitya Akademi

ഡാക്ട:— എന്താ പറയുന്നതു് മധുരിക്കൊ? ജ്യേഷ്ഠത്തി സാക്ഷിക്കൂട്ടിൽ കേറാൻ ഹാജരായി നിൽക്കുന്നു. നല്ലവണ്ണം ഓർത്തു പറയൂ. രാമശ്ശാരെ ഏൽപ്പിച്ച ലെററർ ഡെഡ്ലെററർ ആഫീസുടെ ഇവൻെറ കയ്യിലെത്തി.

രാമ:—കുഞ്ഞൊന്നും പറയേണ്ട? നമുക്കങ്ങുഫത്തു പോവാം. കീറീം മുറിക്കീം ചെയ്യുന്നവക്കുണ്ടോ മനുഷ്യക്കനിവ്വ്!

ഡാക്ട:—എടോ നിങ്ങടെ സ്വകാര്യങ്ങൾ നിങ്ങളോടിരിക്കട്ടെ. വേഗം ചെന്നു് കിട്ടിയതിനെ വെള്ളപൂട്ടി സൂക്ഷിച്ചുകൊള്ളിൻ.

രാമ:—എന്തു ഇരുത്തലമൂലിത്തരം!

ശ്രീക:—(ഡാക്ടരോടു്) അടുത്തകൈകെയ്യുക്ക് ഇയാൾ ചാടിവീണ്ടതല്ലം.

രാമ:—ചാടാതെ നിശ്ശിൻ.

ഡാക്ട:--(ശ്രീകണ്ഠനോടു്) ചാടിച്ചാടി നാഡിത്തറിപ്പു് ഇരുന്നൂറായി. അരസെക്കൻഡുകൊണ്ടു് സ്വർഗ്ഗം. അല്ലാ രാമശ്ശാരാകകൊണ്ടു നരകം.

രാമ:—ഏമാൻെറ മാതിരികളു് ശീമക്കേ കൊള്ളൂ.

ഡാക്ട:--തൻെറ തലപോകാനുള്ള കാലം ആയടൊ? ആരെയാണു് ഇവിടെ താൻ പിടിച്ചു് അടച്ചിരിക്കുന്നതു്. ഒന്നു ചിന്തിക്കൂ. (അമ്മിണിക്കുട്ടി കേശവമേനോൻെറ കർണ്ണത്തിൽ മന്ത്രിക്കുന്നു.)

കേശ:--(അംബികക്കുട്ടിയെ ലക്ഷ്യമാക്കി) അമ്മൂ!

അംബി:--(രംഗത്തോടു് മുഖംകാട്ടി) എന്തു്?

കേശ:--രാവിലെ ഒരു ഭ്രാന്തൻ, ഇവിടെ വന്നയാൾ പോയിട്ടില്ല ഇല്ലേ? രാമൻെറ അപകടത്തിൽ നീ കൂടി

Digitized By Kerala Sahitya Akademi

ഘോരമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. വലിയ പോരായ്മ ആയിപ്പോയി. മററു സംഗതികൾക്കു നിവൃത്തിയുണ്ടു്. ഇവിടെ വന്നു പററിയിരിക്കുന്നതു് പുറത്തറിയുമ്പോൾ എന്തു കുറച്ചിലാവും? രാമ! നീ പോയി ക്ഷണം ഇങ്ങോട്ടു് കൊണ്ടുവരിക. പ്രസിദ്ധമാകട്ടെ. എന്തും വരട്ടെ. ആരായാലെന്താണു്? നിലവിട്ടു് ആരും കളിക്കരുതല്ലോ.

(രാമയ്യർ വൈമനസ്യത്തോടെ പോകുന്നു)

അമ്മി:--അച്ഛനും അമ്മാവനുംമാത്രം അങ്ങോട്ടു് ചെന്നായി മുഖംകാണിക്കയാണു് നല്ലതു്. (ശങ്കരൻകുട്ടിയും ശ്രീകണ്ഠനും) അല്ലല്ലാ! ഇതാരും വിചാരിക്കാത്ത ഒരു മൂന്നാം കഥയാണല്ലോ!

ഗോപാ:--എന്തൊന്നാണു കുഞ്ഞേ അക്കഥ?

അമ്മി:--ഒരു ഭ്രാന്തൻ വേഷം ഇന്നിവിടെ വന്നു. രാമയ്യർ പിന്നീടു് ചിലതൊക്കെ പറഞ്ഞു. പരമാർത്ഥം ഇപ്പോൾ അറിയാം. ഇതാ വരുന്നു.

(രാമയ്യർ അകമ്പടിസേവിച്ചു് പ്രഭാകരനെ രംഗത്തിൽ ഒരു മൂലയിൽ പ്രവേശിപ്പിക്കുന്നു)

പ്രഭാ:--(അച്ഛനെ കാണാതെ) "ആദൈരകമ്മപ്രസംഗാൽ" (ഡാക്ടർ അരുതെന്നു കൈ കാണിക്കുന്നു. ശങ്കരൻകുട്ടിയും ശ്രീകണ്ഠനും ചൊല്ലാൻ ഉത്സാഹിപ്പിച്ചു് കൈ കാട്ടുന്നു. പ്രഭാകരൻ പിന്നെയും തുടങ്ങുന്നു) "ഓരോരോ ജന്മജന്മാന്തരമതിലുളവായുള്ള പുണ്യാതിരേകാൽ" (ഡാക്ടർ ശപിക്കുന്ന ഭാവം കാണിക്കുന്നു. ഡാക്ടരുടെ പുറകിൽ നിന്നുകൊണ്ടു് മററു രണ്ടുപേരും ഡാക്ടർ കാണിക്കുന്ന വാട്ട്യം കഥ വടക്കട്ടെ എന്നാണെന്നു് കാണിക്കുന്നു. ഗോപാലൻനായർ ഉദ്വിഗ്നപ്പെട്ടു നില്ക്കുന്നു.)

Digitized By Kerala Sahitya Akademi

പ്രഭാ:--അങ്ങിനെയുള്ള കാലത്തു്, സർവ്വചരാചരങ്ങളും സൂക്ഷ്മങ്ങളായ അണുശകലങ്ങളായി, അനന്തമായ ആകാശവിസ്തൃതിയിൽ ചലിപ്പതും ചെയ്തു് ഇയങ്ങുന്ന കാലത്തുങ്കൽ—

ഡാക്ടർ:--ശനി! (എന്നുപറഞ്ഞുകൊണ്ടു് തൊപ്പിയും, മീശയും, പ്ലാസ്റ്ററികളും വലിച്ചെറിഞ്ഞു് സാക്ഷാൽ പ്രഭാകരനെ കാട്ടുന്നു)

ശംക:--} ഓഹോ! ഇതു് അത്ഭുതം ഡാക്ടർമജി
ശ്രീക:--} ഷ്യൻ * അത്ഭുതവിളക്കിലെ മാന്ത്രികൻ തന്നെ.

ഗോപാ:--} കന്നന്മാരു്! ശേഷ്ഠ, ഇതു കടന്നകയ്യാ
കേശ:-- } യ്പോയി. (രാമസ്സാർ വാപൊളിച്ചു ഉചിതമായ തോലി അഭിനയിക്കുന്നു. ശ്രീകണ്ഠനും ശങ്കരൻകുട്ടിയും പ്രഭാകരൻെറ കൈപിടിച്ചു് കലുക്കിക്കൊണ്ടു്) എന്നേ കള്ളാ! ഞങ്ങളെ കഷായിപ്പിച്ചു--

പ്രഭാ:--പോവിൻ. കള്ള ദുരുപദേശികരേ!

ഗോപ:--ഇതെല്ലാം ഈ ഡാക്ടരുടെ കൃത്രിമമാണു്.

കേശ:--ഇത്രയൊക്കെ ഉണ്ടെന്നു ഞാൻ വിചാരിച്ചിരുന്നില്ലാ. എന്നാൽ നമ്മുടെ കലഹം ഇതുകൊണ്ടു് നീങ്ങിയതാണു് എല്ലാത്തിലും വലുതായ സന്തോഷം. അതുകൊണ്ടു് ഞാനും ഒന്നു കുട്ടിയാകട്ടെ നമുക്കെല്ലാപേക്കും കൂടി ഡാക്ടർ ഒരു ഡിന്നർ വിരുന്നു തരട്ടെ. അങ്ങിനെയൊരു ശിക്ഷ ഞാൻ വിധിക്കുന്നു.

* മാന്ത്രികൻ

Digitized By Kerala Sahitya Akademi

ഡാക്ടർ:—ബാങ്കു പൊളിഞ്ഞതും, പണം പോയതും ഇതുപോലെയൊക്കെ തന്നെയായിരിക്കാം. ശ്രീകണ്ഠൻ കൂട്ടുക്കു പണി വേറെ വേണ്ടേ? അവൻ അയപ്പിച്ച കമ്പികൾ എന്തു ക്ലേശമുണ്ടാക്കി. ആ് കുസൃതികൾക്കു ഡിന്നറും വിവാഹസദ്യയും കിട്ടുന്നു.

കേശ:—ദിവസം നിശ്ചയിച്ചുകൊള്ളുക, സമ്മതിച്ചു.

അമ്മി:—ഞാൻ സമ്മതിക്കുന്നില്ലാ.

ഗോപാ:—എന്റെ കുഞ്ഞു് ഇനിയും ഇവനെ ഭ്രാന്താട്ടരുതു്.

അമ്മി:—(ഡാക്കുരെനോക്കി) യോഗ്യൻ! എനിക്കും അറിയാം ചിലതു പൊട്ടിക്കാൻ.

ഡാക്ടർ:—ഓയെസ്. കുഞ്ഞേ! കട്ടിക്കാരത്തി! സംഗതികൾ ഒതുക്കാൻ വരട്ടെ. ഇവൻ ഇത്ര ലഘുവിൽ വിടുന്നവനല്ലാ. പ്രഭാകരൻ വഷം മുൻപോട്ടു നീങ്ങിനിൽക്കട്ടെ. മുൻപു് പറഞ്ഞിട്ടില്ലേ ഹേ "കട്ടികക്കാരനും വന്നുതൊൻറിനായ്" പുള്ളി! "ജ്യേഷ്ഠനിരിക്കെ കുരുവംശത്തിൽ" എന്നും മറവും? അതിന്റെ സാരം ജ്യേഷ്ഠത്തിക്കു കല്യാണം കഴിയാതിരിക്കുമ്പോൾ അനുജത്തിയെ താൻ വേൾക്കുല്ലെന്നല്ലേ?

കേശ:—എന്റെ ഡാക്ടരേ! ഇനിയും അനർത്ഥങ്ങൾ വലിച്ചിടാതിരിക്കുക. അമ്മുവിനു പിടിച്ച ഒരു ഭർത്താവു് വരണ്ടേ? അവളുടെ ഇഷ്ടംപോലുള്ള ഒരു യോഗ്യൻ വരുമ്പോഴാകട്ടെ എന്നാണു് ഞാൻ വച്ചിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

ഗോപാ:—ഇതിപ്പോൾ നടക്കട്ടെ. അംബികക്കുട്ടിക്കു വേറെ തക്ക ആൾ ഉണ്ടാക്കാൻ ശ്രമിക്കാം.

ഡാക്ടർ:—അതു നടപ്പില്ലാ, കക്ഷി ഹാജരുണ്ടു്. സ്വയമായി വാദിക്കട്ടെ.

കേശ:—എന്താ അമ്മേ?

അംബി:—അച്ഛന്റെ മനസ്സുപോലെ നടക്കട്ടെ. അമ്മിണിക്കുണ്ടാവുന്ന ഭാഗ്യവും സന്തോഷവും എനിക്കു വേണ്ടി മാററിവയ്ക്കേണ്ട. എല്ലാവൎക്കും സമ്മതമുള്ള ആ വിവാഹം ഉടനെ നടക്കട്ടെ.

ഡാക്ടർ:—അല്ലല്ലാ, കഥകൾ യാതൊന്നും ആരും കേട്ടിട്ടില്ലെന്നാണു് തോന്നുന്നതു്. തടസ്ഥം ചെയ്യുന്ന കക്ഷി അംബികക്കുട്ടിയല്ലാ, പ്രഭാകരൻകുട്ടിയാണു്. അയാൾ ജ്യേഷ്ടത്തിയുടെ വിവാഹം കഴിഞ്ഞേ പരിണയക്കാപ്പു് അണിയൂ. ആദൈവ കർമ്മപ്രസംഗമല്ലേ? ഒരു വരനെ ക്കൂടി കണ്ടുപിടിക്കണം. എന്നാൽ ഇപ്പോൾ ഒരു ഇരട്ടക്കല്യാണം നടക്കും. ഡാക്ടരല്ലേ! വീട്ടിനകത്തുവെച്ചു് കളിപറയുന്നതുകൊണ്ടു് കയക്കരുതു്. ഇതാ ഇവരു്—കുട്ടന്മാർ നല്ല യോഗ്യന്മാരാണു്. സിന്ദൂരക്കുറി തൊട്ടുനടക്കും. പക്ഷെ മുലകുടി മാറാത്ത കുട്ടികളെന്നു് രാമശ്ശാരു് ആക്ഷേപിക്കുമെങ്കിലും, ചെലവു് മിച്ചം ഇവരിൽ ഒരാൾക്കിരിക്കട്ടെ.

ശ്രീക:—
ശങ്ക:— } എന്നാൽ അഭിപ്രായകാരനതന്നെയാകട്ടെ ആ മിച്ചം.

Digitized By Kerala Sahitya Akademi

ഡാക്ട:—എടോ, ഡാക്ടർ എന്തെല്ലാം വേണം? എന്നുമാത്രമല്ലാ, ഞാൻ പറഞ്ഞാൽ മാത്രം മതിയോ അത്?

ഗോപാ:—(ഡാക്ടരുടെ അടുത്തുചെന്ന്) എത്ര ഭംഗിയാകുമെന്നാൽ! എന്തു സന്തോഷമാകും ഈയാളുകൾക്ക്! (ഡാക്ടർ അംബികക്കുട്ടിയെ ചൂണ്ടിക്കാണിക്കുന്നു. ഗോപാലൻ നായർ അംബികക്കുട്ടിയെ നോക്കുന്നു. അംബികക്കുട്ടി ലജ്ജ നടിച്ചു നിൽക്കുന്നു) വട്ടം കൂട്ടിക്കൊള്ളുക. ഡാക്ടർ നിശ്ചയിച്ചു ഇരട്ടക്കല്യാണത്തിന്.

രാമ:—ആർക്കുമാർക്കുമാണെന്തോ കല്യാണം?

ഗോപാ:—അംബികക്കുട്ടിയെ ഡാക്ടരും അമ്മിണിക്കുട്ടിയെ പ്രഭാകരനും. എന്താ സമ്മതമില്ലെന്നുണ്ടോ? ഇന്നത്തെ സ്വല്പ പരിഭവങ്ങളെ മറന്നു കളയൂ.

ഡാക്ട:—ഡാക്ടർക്കു കിട്ടിയ മിച്ചം ഇങ്ങിനെയാണെടൊ. (രാമശ്ലാർ പൊട്ടിച്ചിരിച്ചു വീണ് കൈകാൽ എറിഞ്ഞു തുള്ളിചാടുന്നു)

ഡാക്ട:—എന്തെടൊ, എന്തെടൊ?

രാമ:—ഒപ്പാരം, തലയിന്ന് ഇരുന്നൂറ് ടിക്കിരി— സന്തോഷംകൊണ്ടു് രീം—രീം—

(കർട്ടൻ സാവധാനത്തിൽ താണുതുടങ്ങുന്നു)

ഡാക്ട:—ഹൈ! ഹൈ! എണീക്കൂ. പനിമാറിനിൽക്കട്ടെ. ( തമ്പി, ശങ്കരൻകുട്ടി, അംബികക്കുട്ടി, രാമശ്ലാർ,

Digitized By Kerala Sahitya Akademi

അമ്മിണിക്കുട്ടി, പ്രഭാകരൻ, ശ്രീകണ്ഠൻ, ഗോപാലൻ നായർ, ഈ ക്രമത്തിനു് നിരത്തിയിട്ടു്) അച്ഛന്മാർ ഇനി പിണങ്ങാതിരിക്കട്ടെ! വിവാഹസദ്യ കൊണ്ടു പിടിക്കട്ടെ! രണ്ടു മാന്യ ശ്രീമതികൾ ശ്ലാഘലിതകളായി ഭവിക്കട്ടെ. ഡാക്ടർക്കു കിട്ടിയ മിച്ചം മെച്ചതരം വിലസട്ടെ! അല്ലെങ്കിൽ (എല്ലാവരും ചേർന്നു്) ആദൌ കർമ്മപ്രസംഗാൽ—ഹ ഹ.' ഹ!

(രംഗവാസികൾക്കു് അഭിവാദ്യം)

(കർട്ടൻ മുഴവൻ വീഴുന്നു)

ശുഭം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi